I. ഇ.ബി. XII-കേരള നിയമസഭ/XIV-3

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 2, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

മി. സ്പീക്കർ: നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുന്ന സാഹചര്യത്തിൽ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി ഫലപ്രദമായ രീതിയിൽ വില നിയന്ത്രിക്കാൻ നടപടി സ്വീകരിക്കാതിരിക്കുകയും ഒ.എം. എസ്. സ്കീമിലൂടെ കേന്ദ്രം നൽകിയ ഗോതമ്പും മറ്റു നിത്യോപയോഗ സാധനങ്ങളും മറിച്ചു വിൽക്കുകയും ചെയ്തതിന്റെ ഫലമായി ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ആര്യാടൻ മുഹമ്മദ്, സി.ടി. അഹമ്മദ് അലി, സി.എഫ്. തോമസ്, കെ.കെ. ഷാജു, കെ.ബി. ഗണേഷ് കുമാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : ഈ വിഷയം സഭയിൽ ചർച്ച ചെയ്യുന്നതിന് സർക്കാർ സന്നദ്ധമാണ്.

മി. സ്പീക്കർ: സഭാ നടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ചചെയ്യുന്നതാണ്.

**ശ്രദ്ധക്ഷണിക്കൽ**

(1) ആലപ്പുഴ ജില്ലാ ആശുപത്രിയെ ജനറൽ ആശുപത്രിയുടെ പദവിയിലേയ്ക്ക് ഉയർത്താൻ നടപടി

ശ്രീ. എ.എ. ഷുക്കൂർ: ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി വണ്ടാനത്തേയ്ക്ക് മാറ്റിയ സാഹചര്യത്തിൽ ജില്ലാ ആശുപത്രിയെ 400 ബെഡ്ഡുകളുള്ള ജനറൽ ആശുപത്രി പദവിയിലേയ്ക്കുയർത്തുന്നതിന് എത്രയുംവേഗം നടപടി സ്വീകരിക്കണം. വണ്ടാനത്തെ മെഡിക്കൽ കോളേജ് ആശുപത്രിയിലെ സൗകര്യങ്ങൾ പരിമിതമാണ്. ജില്ലാ ആശുപത്രിയിൽ ഇപ്പോൾ 39 ഡോക്ടർമാർ മാത്രമാണുള്ളത്. ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കിയതോടുകൂടി ആലപ്പുഴയിൽ ചികിത്സ കിട്ടാതെ മരിക്കുന്ന രോഗികളുടെ എണ്ണം വർദ്ധിക്കുകയാണ്. ആലപ്പുഴ പട്ടണത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രമോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററോ ഇല്ല. ഏകദേശം 215 ബെഡ്ഡുകൾ കൂടിയുണ്ടെങ്കിൽ മാത്രമേ ഈ ജില്ലാ ആശുപത്രി ഒരു ജനറൽ ആശുപത്രിയുടെ പദവിയിലേക്ക് ഉയരുകയുള്ളൂ. ബഡ് സ്ട്രെങ്തിന് ആനുപാതികമായി ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും മറ്റു കണ്ടിജന്റ് ജീവനക്കാരേയും നിയമിക്കുകയും. ട്രോമാ കെയർ സൗകര്യം ഏർപ്പെടുത്തുകയും കാർഡിയോളജി ഡിപ്പാർട്ടുമെന്റ് ആരംഭിക്കുകയും ചെയ്യണം. മൂന്ന് പ്രൈമറി ഹെൽത്ത് സെന്ററുകൾ

അല്ലെങ്കിൽ അത്തരത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യ കേന്ദ്രങ്ങൾ എൻ.ആർ.എച്ച്.എം.ന്റെ സഹായത്തോടുകൂടി ആലപ്പുഴയിൽ ആരംഭിച്ചില്ലെങ്കിൽ ആരോഗ്യരംഗത്ത് ഗുരുതരമായ സ്ഥിതിവിശേഷം സംജാതമാകും.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): വണ്ടാനത്തേയ്ക്ക് ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി ഷിഫ്റ്റ് ചെയ്യുമ്പോൾ ആലപ്പുഴ ടൗണിൽ വളരെ ചെറിയ തോതിൽ പ്രവർത്തിച്ചിരുന്ന ജില്ലാ ആശുപത്രിയെ ഒരു ജനറൽ ആശുപത്രിയാക്കി മാറ്റുമെന്ന ഗവൺമെന്റിന്റെ പ്രഖ്യാപനം പൂർണ്ണമായും പാലിച്ചിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യമുള്ള ഒരു ആശുപത്രിയായി ഇന്ന് ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി മാറിയിട്ടുണ്ട്. അവിടെ കാർഡിയാക് തൊറാസിക് വിഭാഗം ഈ വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിലുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആലപ്പുഴ ജനറൽ ആശുപത്രിയിൽ നിലവിലുള്ള 134 തസ്തികകൾക്കു പുറമെ ഡോക്ടർമാർ പാരാമെഡിക്കൽ സ്റ്റാഫ് ഉൾപ്പെടെ 70 പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. അവിടെ റിനൊവേഷൻ നടന്നുകഴിയുമ്പോൾ കൂടുതൽ സൗകര്യവും സംവിധാനവും ബെഡും എല്ലാ സ്പെഷ്യാലിറ്റി സൗകര്യവും ഡോക്ടർമാരും ഉണ്ടാകും. കെട്ടിടം ലഭ്യമാക്കിയാൽ ആലപ്പുഴയിലെ തീരപ്രദേശത്ത് മൂന്ന് പി.എച്ച്.സി.കൾ തുടങ്ങാൻ ഗവൺമെന്റ് തയ്യാറാണ്.

(2) അനധികൃത കയ്യേറ്റം

ശ്രീ. പി. ജയരാജൻ:: വ്യവസ്ഥകൾ ലംഘിച്ച് സ്ഥാപനങ്ങളും ക്ലബ്ബുകളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന പാട്ടഭൂമി ഏറ്റെടുത്ത് ലാൻഡ് ബാങ്കിൽ നിക്ഷേപിക്കണം. വ്യാവസായികാവശ്യങ്ങൾക്കും തോട്ടങ്ങൾക്കും മറ്റുമായി പാട്ടത്തിന് നൽകിയിട്ടുള്ള ഭൂമിയിൽ കാലാവധി

കഴിഞ്ഞവയും വ്യവസ്ഥകൾ ലംഘിച്ചവയും തിരിച്ചെടുക്കണം. വയനാട് ജില്ലയിലെ ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി വീണ്ടെടുത്ത് വിതരണം ചെയ്യണം

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സംസ്ഥാനത്ത് സർക്കാർ ഭൂമി കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനുമായി ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ തഹസീൽദാർ, അഡീഷണൽ തഹസീൽദാർ എന്നിവരുടെ നേതൃത്വത്തിലും ടാസ്ക് ഫോഴ്സുകളും പ്രത്യേക ദൗത്യ സംഘവും പ്രവർത്തിച്ചു വരുന്നു. ദൗത്യ സംഘത്തിന്റെ പ്രവർത്തന ഫലമായി 13,153 ഏക്കർ സർക്കാർ ഭൂമി തിരിച്ചു പിടിച്ചിട്ടുണ്ട്. സർക്കാർ ഭൂമിയുടെ സംരക്ഷണത്തിനായി ഡെപ്യൂട്ടി കളക്ടറുടെ ചുമതല യിൽ കേരള സംസ്ഥാന ലാന്റ് ബാങ്ക് രൂപീകരിച്ചിട്ടുണ്ട്. സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ കർശനമായി തടയുന്നതിനുവേണ്ടി 1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി. അനധികൃത കയ്യേറ്റക്കാർക്കും അതിനു കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കും കർശന ശിക്ഷ നൽകാൻ വ്യവസ്ഥ ചെയ്തുകൊണ്ടുള്ള നിയമഭേദഗതിയിലൂടെ സർക്കാർഭൂമി ഫലപ്രദമായി സംരക്ഷിക്കാൻ സാധിക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 50 പട്ടയമേളകൾ സംഘടിപ്പിക്കുകയും 2505 ഏക്കർ മിച്ചഭൂമി പട്ടികജാതി-പട്ടികവർഗ്ഗക്കാരുൾപ്പെടെ 12,594 പേർക്കായി വിതരണം ചെയ്തിട്ടുണ്ട്. ആദിവാസി സെറ്റിൽമെന്റ് കോളനികളിൽ താമസിക്കുന്ന 14,048 പേർക്കും പട്ടയം നൽകി. ആദിവാസി വനാവകാശ നിയമപ്രകാരം ഇതുവരെ 7937 കുടുംബങ്ങൾക്ക് ഭൂമി നൽകുകയുമുണ്ടായി. ചെങ്ങറ

സമരക്കാരുമായുണ്ടാക്കിയ ധാരണകളുടെ അടിസ്ഥാനത്തിൽ 1495 പേർക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. 200 ഏക്കർ സ്ഥലത്ത് കെ.ആർ. നാരായണന്റെ പേരിൽ കമ്മ്യൂണിറ്റി വില്ലേജ് സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുകയും കുറ്റിയാർ ഹൗസ് സൈറ്റിൽപ്പെട്ട 283.42 ഏക്കർ ഭൂമി 5000-ത്തിലധികം പേർക്ക് നൽകാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ട്രൈബൽ റീസെറ്റിൽമെന്റ് ആന്റ് ഡവലപ്മെന്റ് മിഷൻ മുഖേന ഭൂരഹിതരായ ആളുകൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലാന്റ് ബോർഡുകളിലും വിവിധ കോടതികളിലും ഉള്ള കേസുകൾ തീർപ്പാക്കി മിച്ചഭൂമി ഏറ്റെടുക്കാനും ഭൂരഹിതർക്ക് വിതരണം ചെയ്യാനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

**സബ്മിഷൻ**

(1) <u>വാഹനാപകടം</u>

<u>ശ്രീ. കെ.കെ. ദിവാകരൻ</u>: പാലക്കാട് ജില്ലയിലെ പുതുശ്ശേരിയിലുണ്ടായ വാഹനാപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് ധനസഹായം നൽകുന്നതിനും അപകടം സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനും നട പടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u>: പാലക്കാട് ജില്ലയിലെ പുതുശ്ശേരിയിലുണ്ടായ വാഹനാപകടത്തിൽ മരണമടഞ്ഞ രണ്ടു കുടുംബത്തിൽപ്പെട്ട ആറു പേരുടെ ആശ്രിതർക്ക് ആറ് ലക്ഷം രൂപയും മരണ മടഞ്ഞ ഡ്രൈവറുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയും നൽകാനാണ് ഉദ്ദേശിക്കുന്നത്. നാളത്തെ ക്യാബിനറ്റ് ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

(2) ട്രാൻസ്പോർട്ട് മേഖലയിലെ വിവിധ തൊഴിലാളി സംഘടനകൾ നടത്തുന്ന പണിമുടക്ക്

ശ്രീ. ആനത്തലവട്ടം ആനന്ദൻ: കേന്ദ്രസർക്കാർ പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിപ്പിച്ചതിൽ പ്രതിഷേധിച്ച് ട്രാൻസ്പോർട്ട് മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളി സംഘടനകൾ ഇന്ന് സംസ്ഥാനത്തൊട്ടാകെ പണിമുടക്ക് നടത്തുകയാണ്. വില വർദ്ധിപ്പിച്ച നടപടിയിൽ നിന്നും കേന്ദ്ര ഗവണ്മെന്റിനെ പിൻതിരിപ്പിക്കുന്നതിനാവശ്യമായ ശ്രമം സംസ്ഥാന ഗവണ്മെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകണം.

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): 2010-11 സാമ്പത്തിക വർഷത്തേയ്ക്കുള്ള കേന്ദ്ര ബഡ്ജറ്റിൽ പെട്രോളിയം ഉല്പന്നങ്ങളുടെ എക്സൈസ് തീരുവ വർദ്ധിപ്പിച്ചതിന്റെ ഫലമായിട്ടാണ് പെട്രോളിന്റെയും ഡീസലിന്റെയും വില 26-2-2010 മുതൽ വർദ്ധിപ്പിച്ചത്. ഇതിൽ പ്രതിഷേധിച്ച് ട്രാൻസ്പോർട്ട് മേഖലയിലെ വിവിധ തൊഴിലാളി സംഘടനകൾ ഇന്നു പണിമുടക്ക് നടത്തുകയാണ്. പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവുമൂലം കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ പ്രവർത്തന ചെലവ് ആറരക്കോടി രൂപയോളം വർദ്ധിച്ചിരിക്കുന്നു.

(3) ന്യൂനപക്ഷ വിഭാഗങ്ങൾക്ക്. അനുവദിക്കുന്ന കേന്ദ്ര പദ്ധതികൾ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ന്യൂനപക്ഷവിദ്യാർത്ഥികൾക്ക് നൽകുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് യഥാസമയം വിതരണം ചെയ്യാനും ന്യൂനപക്ഷവിഭാഗങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ഇൻ മൈനോറിറ്റി ഇൻസ്റ്റിറ്റ്യൂഷൻ പദ്ധതി നടപ്പിലാക്കാനും നടപടികൾ

സ്വീകരിക്കണം. മദ്രസ്സ നവീകരണ പദ്ധതിക്കു അനുവദിച്ച പണം യഥാസമയം നൽകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): പ്രീ മെട്രിക് സ്കോളർഷിപ്പ് വിതരണം 2009 ആഗസ്റ്റ് മാസത്തോടെ പൂർത്തിയാക്കാൻ കഴിഞ്ഞു. 43,783 കുട്ടികളുടെ സ്കോളർഷിപ്പ് പുതുക്കുകയും 1,17,807 കുട്ടികൾ പുതുതായി സ്കോളർഷിപ്പിന് അർഹത നേടുകയും ചെയ്തിട്ടുണ്ട്. അർഹരായ മുഴുവൻ കുട്ടികൾക്കും ഈ വർഷത്തെ സ്കോളർഷിപ്പ് നൽകുന്നതിനുള്ള തുക അതാത് ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്ക് നൽകിയിട്ടുണ്ട്. ന്യൂനപക്ഷ സംഘടനകളും ട്രസ്റ്റുകളും നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 629 അപേക്ഷകൾ ഡി.പി.ഐ.യ്ക്ക് ലഭിക്കുകയും അത് സംസ്ഥാന ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റി അംഗീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം 517 അപേക്ഷകളിൽ സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള 230 ഹൈസ്ക്കൂളുകളുടെ ലിസ്റ്റ് കേന്ദ്ര സർക്കാരിന് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ തീരുമാനം ലഭ്യമായാൽ മാതമേ അത് വിതരണം ചെയ്യാൻ സാധിക്കുകയുള്ളു. മദ്രസ്സ നവീകരണ പദ്ധതിക്ക് പുതുക്കിയ ഫോർമാറ്റിൽ അപേക്ഷ ലഭിച്ചാൽ ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റി യുടെ തീരുമാന പ്രകാരം കേന്ദ്ര ഗവൺമെന്റിന് അയയ്ക്കും. ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ, ടെക്നിക്കൽ സ്ഥാപനങ്ങളിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് പഠിക്കുന്നതിനായി കേന്ദ്ര സർക്കാർ സഹായത്തോടുകൂടി നടപ്പാക്കുന്ന സ്കോളർഷിപ്പ്

പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച 6,80,10,906 രൂപയിൽ 5,29,43,769 രൂപ ചെലവഴിച്ചു കഴിഞ്ഞു.

(4) വാട്ടർ അതോറിറ്റിയിലെ ശമ്പള പരിഷ്ക്കരണം

ശ്രീ. പി. ജയരാജൻ : കേരള വാട്ടർ അതോറിറ്റിയിലെ താഴെത്തട്ടിലുള്ള ജീവനക്കാർക്ക് ശമ്പള പരിഷ്ക്കരണ ആനുകൂല്യങ്ങൾ ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): സംസ്ഥാന സർക്കാർ ജീവനക്കാരുടേതുപോലെ ആദ്യത്തെ ആറ് ശമ്പള സ്കെയിലുകൾ പരിഷ്ക്കരിക്കുക, വാർഷിക യൂണിഫോം അലവൻസ് ആയിരം രൂപയായി പുനർ നിശ്ചയിക്കുക, മെഡിക്കൽ റീംഇംപേഴ്സ്മെന്റ് ഒരു ലക്ഷം രൂപയായി ഉയർത്തുക എന്നീ ആവശ്യങ്ങളാണ് വാട്ടർ അതോറിറ്റി ജീവനക്കാർ ഉന്നയിക്കുന്നത്. ഇതിൽ ആദ്യത്തെ ആറ് സ്കെയിലുകൾ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ധനകാര്യ വകുപ്പ് വിശദമായി പരിശോധിച്ചുവെങ്കിലും ഇത് വാട്ടർ അതോറിറ്റിയിലെ മാസ്റ്റർ സ്കെയിലുകളെ ബാധിക്കുമെന്നതിനാലും സംസ്ഥാന ജീവനക്കാരുടേയും വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടേയും ശമ്പള സ്കെയിലുകൾ താരതമ്യം ചെയ്യാൻ കഴിയാത്തതിനാലും ഈ നിർദ്ദേശം നിരസിക്കുകയാണുണ്ടായത്. വാർഷിക യൂണിഫോം അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം ധനകാര്യ വകുപ്പുമായി അലോചിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് പരിധി ഉയർത്തുന്നത് സംബന്ധിച്ച നിർദ്ദേശം ഗവൺമെന്റ് വിശദമായി പരിശോധിക്കുകയുണ്ടായി. അതോറിറ്റിയിലെ വിവിധ സംഘടനകൾക്കിട

യിൽ അഭിപ്രായ ഐക്യ ഉണ്ടാകുകയാണെങ്കിൽ കെ.ജി.എസ്.എം.എ. ബാധകമാക്കാൻ ഗവൺമെന്റ് സന്നദ്ധമാണ്.

(5) വയോജന പെൻഷൻ

ശ്രീ. എം. മുരളി: കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ആവിഷ്ക്കരിച്ചിട്ടുള്ള വിവിധ പെൻഷൻ പദ്ധതികളുടെ പരിധിയിൽ വരാത്ത 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കും സാർവ്വത്രിക പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സംസ്ഥാന സർക്കാരിന്റെ ക്ഷേമ പദ്ധതികളിൽനിന്നോ കേന്ദ്ര സർക്കാർ സ്കീമുകളിൽ നിന്നോ പെൻഷൻ ലഭിക്കാത്ത 65 വയസ്സ് കഴിഞ്ഞ അർഹരായിട്ടുള്ളവരെ കണ്ടുപിടിക്കാൻ ഇപ്പോൾ മാർഗ്ഗമില്ല. ക്ഷേമ പദ്ധതികളുടെ ഗുണഭോക്താക്കൾക്കുള്ള ബയോ-മെട്രിക് ഐഡന്റിറ്റി കാർഡ് തയ്യാറാക്കി കഴിഞ്ഞാൽ ഈ നിർദ്ദേശം ഉചിതമായ ഭേദഗതികളോടുകൂടി നടപ്പിലാക്കുന്നതാണ്.

(6) യു.പി. സ്കൂൾ ഹൈസ്കൂൾ ആക്കാൻ നടപടി

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ: പേരാവൂർ നിയോജകമണ്ഡലത്തിലെ ആറളം ഫാമിലെ യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്താൻ വേണ്ട അടിയന്തിര നടപടി സ്വീകരിക്കണം

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം .എ. ബേബി) : ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ തുടർ പഠന പ്രശ്നം പ്രത്യേകമായി പരിഗണിച്ച് അനുകൂല തീരുമാനമെടുക്കുന്നതാണ്.

(7) ചാലിയാർ പുഴയ്ക്ക് കുറുകെ നടപ്പാലം

ശ്രീ. എ.പി. അനിൽ കുമാർ: വണ്ടൂർ നിയോജക മണ്ഡലത്തിലെ ചാലിയാർ പുഴയ്ക്ക് കുറുകെ നടപ്പാലം നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സംസ്ഥാനത്ത് തോണി ഉപയോഗിച്ച് യാത്ര ചെയ്യുന്ന കടവുകളിൽ നടപ്പാലം നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാന ത്തിൽ ജില്ലാ കളക്ടർമാർ മുഖേന നടത്തിയ സർവ്വേയിൽ 495 കടവുകളിൽ നടപ്പാലം നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കണ്ടെത്തുകയുണ്ടായി. ഇതിനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ വിദ്യാർത്ഥികൾ കൂടുതലായി ഉപയോഗിക്കുന്നതും പാലം നിർമ്മാണം അത്യാവശ്യമാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതുമായ ഓരോ ജില്ലയിലേയും രണ്ട് വീതം കടവുകളിൽ പാലങ്ങൾ നിർമ്മിക്കാൻ റവന്യൂ വകുപ്പ് കെൽ-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്..

(8) വരൾച്ചാ ദുരിതാശ്വാസ നടപടികൾ

ശ്രീ. രാജു എബ്രഹാം: സംസ്ഥാനത്ത് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന അതിരൂക്ഷമായ വരൾച്ച നേരിടാൻ കുഴൽകിണറുകളുടേയും വാട്ടർഅതോറിറ്റിയുടെ മോട്ടോറുകളുടേയും പൈപ്പുകളുടേയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നിലവിലുള്ള പൈപ്പ്ലൈൻ നീട്ടുന്നതിനും ജില്ലകൾക്ക് ആവശ്യമായ പണം അനുവദിക്കണം

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): അതിരൂക്ഷമായ വരൾച്ച അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ കുടിവെള്ള വിതരണത്തിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പൈപ്പ്ലൈൻ, എക്സ്റ്റെൻഷൻ, മോട്ടോറുകളുടെ അറ്റകുറ്റപ്പണികൾ എന്നിവ അടിയന്തിരമായി നടത്തുന്നതിന് വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂജല ലഭ്യത വളരെ കുറഞ്ഞ സ്ഥലങ്ങളിൽ ഭൂജല വകുപ്പ് മുഖേന കുഴൽകിണർ കുഴിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള അനുവാദവും ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്.. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും 15 കോടി രൂപ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

(9) <u>സന്തോഷിന്റെ ദുരൂഹമരണം</u>

<u>ശ്രീ. പി.സി. ജോർജ്</u>: ഈരാറ്റുപേട്ട മാവടിയിൽ മേരിക്കുട്ടിയുടെ മകൻ സന്തോഷിന്റെ ദുരൂഹമരണത്തെക്കുറിച്ച് അന്വേഷിപ്പിച്ച് നിജസ്ഥിതി പുറത്തുകൊണ്ടുവരികയും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും വേണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): ഈരാറ്റുപേട്ട തീക്കോയി വില്ലേജിൽ നടുവിൽമുറി വീട്ടിൽ അപ്പു മകൻ സന്തോഷ് 30-01-2010-ന് മാവടിയിലുള്ള കൊച്ചുവീടിനു സമീപം റബ്ബർ മരത്തിൽ തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ട സംഭവത്തിൽ ഈരാറ്റുപേട്ട പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി 4 പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. മരണകാരണം ഹാംഗിംഗ് ആണെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും സന്തോഷിന്റെ ശരീരത്തിൽ 21 മുറിവുകൾ കാണപ്പെട്ടതായും കഴുത്തിലെ മുറിവ് മാരകമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മരണം സംബന്ധിച്ച് സംശയം ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ കൂടുതൽ അന്വേഷണം ആവശ്യമാ

ണോ, ഈ കേസ് മറ്റേതെങ്കിലും വിഭാഗത്തെ ഏല്പിക്കേണ്ടതുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിക്കുന്നതിന് എറണാകുളം റേഞ്ച് ഐ.ജി.യെ ചുമതല പ്പെടുത്തുന്നതാണ്. ഐ.ജി.യുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തുടർനടപടി കൾ സ്വീകരിക്കുന്നതാണ്.

(10) <u>തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച്</u>

<u>ശ്രീ. വി. സുരേന്ദ്രൻപിള്ള</u> : തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് പുന:സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> ഹൈക്കോടതി ബഞ്ച് തലസ്ഥാനത്ത് സ്ഥാപിക്കുന്നതിന് ഹൈക്കോടതിയുടെ അനുമതി ആവശ്യമാണെന്നും അനുമതി കൂടാതെ ഇക്കാര്യത്തിൽ മുന്നോട്ട് പോകാൻ കഴിയില്ലെന്നും കേന്ദ്ര നിയമവകുപ്പുമന്ത്രി സംസ്ഥാന മുഖ്യമന്ത്രിയെ അറിയിച്ചിരിക്കുകയാണ്. കേന്ദ്ര നിയമവകുപ്പുമന്ത്രിയുടെ നിലപാട് നിയമപരമായി നിലനിൽക്കുന്നതല്ല. കേരള നിയമസഭ ഈ വിഷയം സംബന്ധിച്ച് രണ്ട് തവണ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കിയിട്ടുണ്ട്. ഹൈക്കോടതി ബഞ്ച് പുന:സ്ഥാപിക്കണമെന്ന കേരളത്തിന്റെ ആവശ്യം വ്യക്തമായ കാരണമില്ലാതെ നിരാകരിക്കാൻ കോടതിക്കോ കേന്ദ്ര സർക്കാരിനോ അധികാരമില്ല. കേന്ദ്ര സർക്കാർ നാളിതുവരെ കേരളത്തിന്റെ ഈ ആവശ്യം പരിഗണിക്കണ മെന്നാവശ്യപ്പെട്ട് ഹൈക്കോടതി ചീഫ് ജസ്റ്റീസിനോ കേരള ഗവർണ്ണർക്കോ ഒരു കത്ത് പോലും അയച്ചിട്ടില്ല. ബഞ്ച് അനുവദിക്കേണ്ടതു സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. കേരള നിയമസഭയുടെ ഒരു അവകാശമെന്ന നിലയിൽ ഈ സഭ ഒന്നടങ്കം അതിനുള്ള സമ്മർദ്ദം ചെലുത്തേണ്ടതാണ്. .

(11) വിദ്യാർത്ഥികൾക്ക് യാത്രാ കൺസെഷൻ

ശ്രീ. റോഷി അഗസ്റ്റിൻ : ഇടുക്കി ജില്ലയിൽ കെ.എസ്.ആർ.ടി.സി. കൂടുതൽ ബസ്സുകൾ ഓപ്പറേറ്റ് ചെയ്ത് വിദ്യാർത്ഥികളുടെ യാത്രാക്ളേശം പരിഹരിക്കുകയും ബസ്സുകളിൽ കൺസെഷൻ അനുവദിക്കുകയും വേണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടുകളും ജനപ്രതിനിധികളുടെ നിവേദനങ്ങളും പരിഗണിച്ച് 06.10.2009-ൽ ഇടുക്കി ജില്ലയിലും കെ.എസ്.ആർ.ടി.സി ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ അനുവദിച്ചിട്ടുണ്ട്. ഏതെങ്കിലുമൊരു അംഗീകൃത സ്ഥാപനത്തിൽ ഒരു അംഗീകൃത കോഴ്സ് ഫുൾ ടൈമായി പഠിക്കുന്ന വിദ്യാർത്ഥികൾക്കും കേരളത്തിലെ ഏതെങ്കിലും ഒരു യൂണിവേഴ്സിറ്റിയിൽ പേര് രജിസ്റ്റർ ചെയ്ത് യൂണിവേഴ്സിറ്റി അംഗീകരിച്ച കോഴ്സ് പ്രൈവറ്റായോ അല്ലാതെയോ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അവർ മറ്റേതെങ്കിലും ജോലി ചെയ്യുന്നില്ലെങ്കിൽ യാത്ര കൺസെഷൻ അനുവദിക്കുന്നുണ്ട്. ഇത്തരത്തിൽ നൽകുന്ന യാത്രാ സൗജന്യം അവരുടെ താമസ സ്ഥലത്തുനിന്ന് പഠിക്കുന്ന സ്ഥാപനം വരെ പരമാവധി 40 കിലോമീറ്റർ ദൂരം ഒരു ദിശയിൽ അനുവദിക്കും. സിറ്റി, ടൗൺ, ഓർഡിനറി ബസ്സുകളിലും മൊഫസിൽ സർവ്വീസിലും ബസ്സ് ചാർജിന്റെ 25 ശതമാനം സൗജന്യമായി അനുവദിച്ചിട്ടുണ്ട്. ഗാട്ട് റോഡുകളിൽ നിലവിലുള്ള ബസ്സ് ചാർജിന്റെ 25 ശതമാനം കൂടി നൽകേണ്ടതാണ്

(12) അനധികൃത മണൽ ഖനനം

ശ്രീ. ആർ. സെൽവരാജ്: മണലിന്റെ ലഭ്യതക്കുറവുമൂലം സംസ്ഥാനത്തെ നിർമ്മാണമേഖല നേരിടുന്ന പ്രതിസന്ധി ഒഴിവാക്കുന്നതിനും അനധി

കൃത മണൽഖനനം തടയുന്നതിനും നിയമാനുസരണം കടവുകൾ ലേലം ചെയ്ത് മണൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സംസ്ഥാനം നേരിടുന്ന മണൽ ദൗർലഭ്യം പരിഹരിക്കാൻ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ മലമ്പുഴ, അരുവിക്കര, ചുള്ളിയാർ, പീച്ചി, പൂമല തുടങ്ങിയ ഡാമുകളിൽനിന്ന് മണലെടുക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽനിന്നും അന്യരാജ്യങ്ങളിൽനിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(13) എച്ച്.എം.ടി. തൊഴിലാളികൾ നടത്തുന്ന സമരം

ശ്രീ. എ. എം. യൂസഫ്: കളമശ്ശേരിയിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എം.ടി.യെ പൊതുമേഖലയിൽത്തന്നെ നിലനിർത്തുന്നതിനും അവിടെയുള്ള കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനും അതിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുതിയ കരാർ ഉണ്ടാക്കുന്നതിനുംവേണ്ടി ട്രേഡ് യൂണിയനുകൾ നടത്തുന്ന സമരം അവസാനിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എം.ടി. കമ്പനി കഴിഞ്ഞ 22 വർഷമായി തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിച്ചിരിക്കുകയാണ്. ഈ സ്ഥാപനം സ്വകാര്യവൽക്കരിക്കാനുള്ള നീക്കവും നടക്കുന്നുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ തൊഴിൽ പ്രശ്നങ്ങൾ കേന്ദ്ര തൊഴിൽവകുപ്പാണ് കൈകാര്യം ചെയ്യുന്നത്. അവിടത്തെ തൊഴിലാളികളുടെ

പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട്പരിഗണന**

കാര്യോപദേശക സമിതിയുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. സി.എം. ദിനേശ്മണി: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക ആത്മഹത്യ ഇല്ലാതാക്കി. കാർഷികമേഖലയെ ശക്തിപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ വില ക്കയറ്റം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ നിത്യോപയോഗ സാധന ങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഗ്രാമീണ ജനതയുടെ വാങ്ങൽശേഷി വർദ്ധിച്ചതുകൊണ്ടാണ് വിലക്കയറ്റമു ണ്ടായതെന്നാണ് കേന്ദ്രസർക്കാരിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നത്. ജനങ്ങളുടെ വാങ്ങൽശേഷി കുറച്ചാലേ വിലക്കയറ്റം നിയന്ത്രി ക്കാൻ കഴിയൂ എന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുന്നത്.

ചെറുകിട മേഖലയിൽ വിദേശ കുത്തകകളുടെ കടന്നുകയറ്റം പുതിയ പ്രവണതയായി മാറിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ സമയോചിത മായ ഇടപെടൽ മൂലം ജനിതകമാറ്റം വരുത്തിയ ബി.ടി. വഴുതനയുടെ വാണിജ്യപരമായ വിതരണം തടയാൻ കഴിഞ്ഞു. വിദേശ കുത്തകകൾക്ക് വഴങ്ങി കാർഷിക മേഖലയെ തകർക്കാനിടയാക്കുന്ന കേന്ദ്ര സർക്കാരിന്റെ നയം തിരുത്താതെ വിലക്കയറ്റം നിയന്ത്രിക്കാൻ കഴിയില്ല. ദുർബ്ബല ജനവി ഭാഗങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്താൻ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുകൊണ്ട് ഈ സർക്കാർ മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. വർക്കല കഹാർ:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. നിഷേ ധാത്മക സമരങ്ങൾക്ക് എല്ലായ്പോഴും നേതൃത്വം നൽകിയിരുന്ന എൽ.ഡി.എഫിന്റെ നേതൃത്വത്തിലുള്ള സർക്കാർ നിസംഗതയോടെയുള്ള ഭരണമാണ് കഴിഞ്ഞ നാല് വർഷമായി കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നില്ലെന്നു മാത്രമല്ല സംസ്ഥാനത്തെ പാവപ്പെട്ട ജനവിഭാഗത്തിന് ഇന്ദിരാ ആവാസ് യോജ നയിലൂടെ വീടും ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലും നൽകിയത് സംസ്ഥാന സർക്കാരിന്റെ നേട്ടമാണെന്ന് കൊട്ടിഘോഷിക്കു കയും ചെയ്തിരിക്കുകയാണ്. അർത്ഥശൂന്യമായ വാഗ്ദാനങ്ങളാണ് നയപ്രഖ്യാപനപ്രസംഗത്തിലുള്ളത്. സംസ്ഥാന സർക്കാരിന്റെ വികലമായ വ്യവസായ നയത്തിന്റെ ഫലമായി നിക്ഷേപകരെ ആകർഷിക്കാൻ സാധി ക്കുന്നില്ലെന്നു മാത്രമല്ല ഏകജാലക സംവിധാനം ഫലപ്രാപ്തിയിലെത്തിയി ട്ടുമില്ല. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

ഈ ഗവൺമെന്റിന്റെ കഴിഞ്ഞ മൂന്നു വർഷങ്ങളിലെ നയപ്രഖ്യാപനത്തിലൂടെ ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ ഇപ്പോഴും ജലരേഖയായി നിലനിൽക്കുന്നു. ജനകീയ പ്രശ്നങ്ങൾക്കുനേരെ മുഖം തിരിഞ്ഞു നിൽക്കുന്ന ഒരു സർക്കാരാണിത്. അന്യസംസ്ഥാനങ്ങൾ ഐ.ടി. രംഗത്ത് കുതിച്ചുചാട്ടം നടത്തുമ്പോൾ കമ്പ്യൂട്ടറിനെയും ആസിയാൻ കരാറിനെയും ആണവ കരാരിനെയും എതിർത്ത എൽ.ഡി.എഫ് സർക്കാരിന് ഈ രംഗത്ത് ഒരു വികസനവും നടപ്പാക്കാൻ സാധിച്ചിട്ടില്ല. സ്മാർട്ട് സിറ്റി പദ്ധതി വെറും പ്രഖ്യാപനം മാത്രമായൊതുങ്ങി. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചില്ല. കെടുകാര്യസ്ഥത നിറഞ്ഞതും ഇച്ഛാ ശക്തിയില്ലാത്തതുമായ സർക്കാരാണിത്

<u>ശ്രീ. ബാബു പോൾ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കഴിഞ്ഞ മൂന്നരവർഷമായി സംസ്ഥാനത്ത് നടപ്പിലാക്കിയ ജനക്ഷേമ പദ്ധതികൾ ജനങ്ങളിലേയ്ക്ക് കൂടുതൽ വ്യാപി പ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.. രാജ്യത്ത് ദരിദ്രരുടെ എണ്ണം വർദ്ധിക്കുന്നതും വിലക്കയറ്റം രൂക്ഷമായി അനുഭവപ്പെടുന്നതും പണപ്പെരുപ്പത്തിന്റേയും തൊഴിൽ നഷ്ടത്തിന്റേയും ഫലമായിട്ടാണ്. അവശ്യ സാധനങ്ങളുടെ വിലവർദ്ധനവ് കടുത്ത ആശങ്ക ഉളവാക്കിയിരിക്കു കയാണ്. കേന്ദ്ര ഗവൺമെന്റ് തുടർന്നുവരുന്ന തെറ്റായ നയങ്ങളുടെ ഫലമാ യിട്ടാണ് കേരളത്തിലും രൂക്ഷമായ വിലവർദ്ധനവ് അനുഭവപ്പെടുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള പൊതുവിതരണ സമ്പ്രദായം രാജ്യത്തിനുതന്നെ മാതൃകയാണ്. വിലക്കയറ്റം തടയുന്നതിന് ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരി ച്ചതിന്റെ ഫലമായി ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ സാധിച്ചു. 26.5 ലക്ഷം കുടുംബങ്ങൾക്ക് രണ്ടുരൂപ നിരക്കിൽ അരിയും ഗോതമ്പും വിതരണം ചെയ്യുന്നതിന് 228 കോടി രൂപ സംസ്ഥാന ഖജനാവിൽ നിന്നും ചെലവഴിക്കുന്നുണ്ട്. അസംഘടിത മേഖലയിലെ കുടുംബങ്ങൾക്കുകൂടി രണ്ടുരൂപയ്ക്കുള്ള അരി കൊടുക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. വിലക്കയറ്റം തടയാൻ ഏതാണ്ട് 125 കോടി രൂപ സബ്സിഡിയായി നൽകി ക്കൊണ്ട് 13 ഇനം നിത്യോപയോഗസാധനങ്ങൾ സപ്ലൈകോ വഴി വിതരണം ചെയ്യുമ്പോൾ കേരളത്തിന്റെ റേഷൻ വിഹിതം വെട്ടിക്കുറയ്ക്കുകയും റേഷന്റെ വില അമിതമായി വർദ്ധിപ്പിക്കുകയും ചെയ്യുന്ന നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കൂപ്പൺ സമ്പ്രദായം ഏർപ്പെടുത്തുമ്പോൾ രാജ്യത്തെ പൊതുവിതരണ സമ്പ്രദായം പൂർണ്ണ മായും ഇല്ലാതാക്കുന്നതാണ്. 15,000 ഹെക്ടർ തരിശുഭൂമിയിൽ കൃഷി വ്യാപി പ്പിക്കുന്നതിനും 12,000 മെട്രിക് ടണ്ണിലേറെ നെല്ല് സപ്ലൈകോ വഴി നേരിട്ട് സംഭരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു. നെൽകൃഷി ആദായകരമാക്കി മാറ്റുന്നതിനും നെല്ലിന്റെ സംഭരണ വില കിലോയ്ക്ക് 12 രൂപയാക്കി വർദ്ധി പ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ ഭക്ഷ്യോത്പാദനം വർദ്ധിപ്പി ക്കുന്നതിനോടൊപ്പം മുട്ടയുടേയും പാലിന്റേയും ഇറച്ചിയുടേയും കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനാവശ്യമായ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയിൽ കടാശ്വാസ പദ്ധതി കൾ നടപ്പാക്കി. ഇന്ത്യയ്ക്കാകെ മാതൃകയായി കർഷക പെൻഷൻ നടപ്പാക്കുന്നതിനും നെൽകർഷകർക്ക് പലിശരഹിത വായ്പ വിതരണം ചെയ്യുന്നതിനും സമസ്ത മേഖലകളിലും ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. സി.ടി. അഹമ്മദ് അലി: നന്ദിപ്രമേയത്തെ എതിർക്കുന്നു. സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും നയപ്രഖ്യാപന പ്രസംഗത്തിലില്ല. വിലവർദ്ധനയുടെ കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളേക്കാൾ മുന്നിലാണ് സബ്സിഡി നിരക്കിൽ സാധനങ്ങൾ വിതരണംചെയ്യുന്ന കൺസ്യൂമർഫെഡ് അടക്കമുള്ള സ്ഥാപനങ്ങൾക്ക് നൽകാനുള്ള കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക തീർക്കുന്നതിനും ഭക്ഷ്യവസ്തുക്കൾ സംഭരിക്കുന്നതിനും ആവശ്യമായ ഫണ്ട് ഗവൺമെന്റ് അനുവദിക്കണം. കേന്ദ്ര ഗവൺമെന്റ് അനുവദിച്ച ഭക്ഷ്യവസ്തുക്കൾ ഏറ്റെടുക്കുന്നതിനോ വിതരണം ചെയ്യുന്നതിനോ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുന്നില്ല. മൂന്നാർ അടക്കമുള്ള കയ്യേറ്റങ്ങൾ തടയുന്നതിൽ ഈ ഗവൺമെന്റ് പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. സംസ്ഥാനത്തെ കാർഷിക തകർച്ചയിൽനിന്നും രക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. നാഫെഡിനേയോ മറ്റേതെങ്കിലും ഏജൻസിയേയോ ഉപയോഗിച്ച് നാളികേരവും കൊപ്രയും സംഭരിക്കണം. അടയ്ക്ക കർഷകരെ പ്രതിസന്ധിയിൽ നിന്നും രക്ഷിക്കുന്നതിനായി അവർക്ക് സബ്സിഡി നൽകുന്നതിനാവശ്യമായ തുക വകയിരുത്തണം. ന്യൂനപക്ഷവിഭാഗങ്ങളുടെ താൽപ്പര്യം പരിരക്ഷിക്കുന്നതിന് ഒരു പ്രത്യേക വകുപ്പ് രൂപീക്കണം. ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ അനുവദിക്കാത്ത ബാങ്കുകൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കണം. കേന്ദ്ര പദ്ധതികൾ യഥാസമയം നടപ്പിലാക്കണം. റെയിൽവേ വികസനത്തിനും ദേശീയപാതയുടെ വികസനത്തിനും സെൻട്രൽ യൂണിവേഴ്സിറ്റിക്കും അലിഗാർ യൂണിവേഴ്സിറ്റിപോലുള്ള സ്ഥാപനങ്ങൾക്കും സ്ഥലം ഏറ്റെടുത്ത് നൽകണം. ദേശീയ തൊഴിലുറപ്പുപദ്ധതി ആശ്രയ പദ്ധതി

തുടങ്ങിയവ നടപ്പിലാക്കുന്നതിൽ കേരളം പൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്. വിവിധ വകുപ്പുകളിലെ ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും കാലതാമസം വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും തയ്യാറാകണം. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പുതിയ ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കണം. സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനവും ബോംബ് നിർമ്മാണവും അക്രമ പ്രവർത്തനവും തടയാനും രഹസ്യാന്വേഷണ വിഭാഗം പുന:സംഘടിപ്പിച്ച് ഈ രംഗത്തെ പോരായ്മ പരിഹരിക്കാനും നടപടി സ്വീകരിക്കണം. പുതിയ മദ്യഷാപ്പുകൾ അനുവദിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുകയും മദ്യപാനത്തിനെതിരെയുള്ള ബോധവൽക്കരണം ശക്തിപ്പെടുത്തുകയും ചെയ്യണം. ദേശീയ പാത വികസിപ്പിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റുമായി ചർച്ച നടത്തി ദേശീയ പാതയുടെ വീതി 45 മീറ്റർ എന്നുള്ളത് 30 മീറ്റർ ആക്കി കുറയ്ക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇതുവഴി ആരാധനാലയങ്ങൾക്ക് പ്രത്യേക ഇളവ് ലഭിക്കുകയും പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ഒരു പരിധിവരെ കുറയ്ക്കാനും കഴിയും. പ്രവാസികളുടെ പുനരധിവാസത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കണം.

<u>ശ്രീ. കെ. എം. മാണി:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. നയപ്രഖ്യാപന പ്രസംഗം നിരാശാജനകമാണ്. പദ്ധതി പ്രവർത്തനരംഗങ്ങളിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണത്തിൽ യഥാസമയം മോണിറ്ററിംഗ് നടക്കുന്നില്ല. നിയമപരിഷ്ക്കരണ കമ്മിഷന്റെ അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കണം. സർക്കാർ സ്ഥാപനങ്ങളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ജീവനക്കാർക്ക് സേവിംഗ്-കം

ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തിക്കൊണ്ട് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് നവീകരിക്കുമെന്നാണ് നയപ്രഖ്യാപനപ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതെങ്കിലും. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് ഐ.ആർ.ഡി.എ. ലൈസൻസ് ഇല്ലാത്തതുകൊണ്ട് ഈ സ്കീം നടപ്പിലാക്കാൻ കഴിയില്ല. റെയിൽവേ കോച്ച് ഫാക്ടറിക്കുവേണ്ടി സ്ഥലം ഏറ്റെടുത്തു നൽകാൻ സംസ്ഥാന ഗവൺമെന്റിനു കഴിഞ്ഞിട്ടില്ല.

ശ്രീമതി പി. അയിഷാ പോറ്റി: നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. എക്സൈസ് തീരുവയും പെട്രോളിൻേയും ഡീസലിൻേയും ടാക്സും വർദ്ധിപ്പിച്ചുകൊണ്ട് ജനങ്ങളുടെ മേൽ അമിതഭാരം അടിച്ചേൽപ്പിക്കാനാണ് കേന്ദ്രഗവണ്മെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. പൊതുമേഖലാസ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് ധനസമാഹരണം നടത്തുന്നത്. 3000 കോടി രൂപയുടെ വളം സബ്സിഡിയും 400 കോടി രൂപയുടെ ഭക്ഷ്യ സബ്സിഡിയും കേന്ദ്രഗവൺമെന്റ് വെട്ടിക്കുറക്കുകയും ബാങ്കിംഗ് മേഖലകൾ സ്വകാര്യവൽക്കരിക്കാൻ തീരുമാനിക്കുകയും ചെയ്തു. കാർഷികമേഖലയ്ക്ക് നാമമാത്രമായ തുക നീക്കി വച്ചുകൊണ്ട് പുതിയ പദ്ധതികളൊന്നും നൽകാതെ കേരളത്തെ അവഗണിച്ചിരിക്കുകയാണ്. കൊച്ചി തുറമുഖവികസന പദ്ധതിക്കുവേണ്ടി തുക നീക്കിവയ്ക്കുകയോ ആസിയാൻ കരാറിന്റെ ഭാഗമായി നടപ്പിലാക്കുമെന്നു പറഞ്ഞ സ്പെഷ്യൽ പാക്കേജ് അനുവദിക്കുകയോ ചെയ്തിട്ടില്ല. പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന ഗവൺമെന്റാണിത്. മെച്ചപ്പെട്ട ധനകാര്യമാനേജുമെന്റിലൂടെ സാമ്പത്തിക നില ഭദ്രമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ സ്വാഗതാർഹമാണ്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ആഘാതത്തിൽ നിന്നും കേരളത്തെ രക്ഷിക്കാൻ ബദൽ

സംവിധാനമേർപ്പെടുത്തി. പശ്ചാത്തല മേഖലകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ 3,000 കോടി രൂപ അനുവദിച്ചു. കൊട്ടാരക്കരയിൽ ഒരു സിവിൽസ്റ്റേഷനും പോലീസ് സ്റ്റേഷനും അനുവദിക്കുകയും യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആരംഭിക്കുകയും ചെയ്തു. കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി. ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി തരിശുനിലങ്ങളിൽ കൃഷിയിറക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു. കാർഷികോൽ പാദന രംഗത്ത് നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് റേഷൻ വിഹിതം വെട്ടിക്കുറയ്ക്കുമ്പോഴും വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഈ ഗവൺമെന്റ് മാവേലി സ്റ്റോറുകൾ വഴി കുറഞ്ഞ വിലയ്ക്ക് അരിയും 13-ലധികം നിത്യോപയോഗസാധനങ്ങളും 40 മുതൽ 70 ശതമാനംവരെ വില കുറച്ച് വിതരണം ചെയ്തികൊണ്ടിരിക്കുന്നു. വർഗ്ഗീയ സംഘട്ടനങ്ങൾ കുറയ്ക്കാനും ക്രമസമാധാനം മെച്ചപ്പെടുത്താനും പെൺവാണിഭ സംഘങ്ങളെ അമർച്ച ചെയ്യാനും കഴിഞ്ഞു. ജനകീയ പോലീസ് ഫലപ്രദമായി നടപ്പിലാക്കി. തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി പോലീസ് സ്റ്റേഷനുകളിൽ ഇ-മെയിൽ സംവിധാനം ഏർപ്പെടുത്തുകയും പോലീസ് ആഫീസർമാർക്ക് മൊബൈൽ ഫോൺ നൽകുകയും ചെയ്തു. ഇ-മെയിലിൽ പരാതി സ്വീകരിക്കാൻ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ സംവിധാനമേർപ്പെടുത്തി. മൂവായിരത്തോളം ഹോം ഗാർഡ്സിനെ നിയമിച്ചു. കുടിവെള്ളക്ഷാമം പരിഹ രിക്കാനുള്ള നടപടികൾ സ്വീകരിച്ചു. ജനോപകാരപ്രദമായ പ്രവർത്തനങ്ങളുമായിട്ടാണ് ഇടതുപക്ഷ മുന്നണി ഗവൺമെന്റ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്.

**അടിയന്തിര പ്രമേയചർച്ച**

വിലക്കയറ്റം

(നിത്യോപയോഗ സാധനങ്ങളുടെ വില ദൈനംദിനമെന്നോണം കുതിച്ചുകയറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി ഫലപ്രദമായ രീതിയിൽ വില നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കാതിരിക്കുകയും O.M.S. സ്കീമിലൂടെ കേന്ദ്രം നൽകിയ ഗോതമ്പും മറ്റ് നിത്യോപയോഗ സാധനങ്ങളും മറിച്ചു വിൽക്കുകയും ചെയ്തതിന്റെ ഫലമായി ജനങ്ങൾക്കുണ്ടായിട്ടുള്ള ക്ലേശങ്ങളെയും ബുദ്ധിമുട്ടുകളേയും പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രമേയം)

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ വികലമായ നയമാണ് വിലക്കയറ്റമുണ്ടാകാനുള്ള പ്രധാനപ്പെട്ട കാരണം. പെട്രോളിനും ഡീസലിനും ഇതിന് മുമ്പും വില കൂടിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അലോട്ട് ചെയ്യുന്ന അരിയും ഗോതമ്പും പോലും യഥാസമയം ജനങ്ങൾക്ക് വിതരണം ചെയ്യാൻ കഴിയാത്ത ഗവൺമെന്റാണിത്. റേഷൻ വിതരണത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് 1800-ഓളം കോടി രൂപ നഷ്ടം സഹിച്ച് സബ്സിഡി കൊടുക്കുമ്പോൾ 50 ശതമാനം സബ്സിഡിയെങ്കിലും സംസ്ഥാന ഗവൺമെന്റ് കൊടുക്കാൻ തയ്യാറാകണം. ഒ.എം.എസ്. സ്കീമിൽ കിട്ടിയ അരിയും ഗോതമ്പും മില്ലുടമകൾക്ക് മറിച്ചു വിറ്റ് കാശുണ്ടാക്കിയ ഗവൺമെന്റാണിത്. കേന്ദ്രഗവൺമെന്റ് സബ്സിഡൈസ്ഡ് റേറ്റിൽ കൊടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൂടിയ വിലയ്ക്ക് വിൽക്കുന്ന നടപടിയാണ് സ്വീകരിക്കുന്നത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: കേന്ദ്ര ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങളാണ് വിലക്കയറ്റമുണ്ടാകാനുള്ള പ്രധാന കാരണം. ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ വിലക്കയറ്റം തടയാൻ സാധിക്കുകയുള്ളു. കേന്ദ്ര ഗവൺമെന്റ് കാർഷിക രംഗത്ത് സബ്സിഡികൾ വെട്ടികുറയ്ക്കുകയും സംഭരണം വേണ്ടെന്നു വയ്ക്കുകയും താങ്ങ് വില ഒഴിവാക്കുകയും ചെയ്യുന്നതിന്റെ ഫലമായിട്ടാണ് വിലവർദ്ധനവ് ഉണ്ടാകുന്നത്. എ.പി.എൽ, ബി.പി.എൽ തരംതിരിവില്ലാതെ ഇൻഡ്യാ രാജ്യത്തെ മുഴുവൻ ആളുകൾക്കും റേഷൻ കൊടുക്കാനുള്ള നടപടി സ്വീകരിച്ചാൽ വിലക്കയറ്റം തടയാൻ സാധിക്കും. ഭക്ഷ്യധാന്യങ്ങളുടെ ക്വാട്ട വെട്ടിക്കുറയ്ക്കുന്നതും വിലക്കയറ്റമുണ്ടാക്കും. വിലക്കയറ്റം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലും ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം വെട്ടിച്ചുരുക്കുകയാണ് കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന അരിയും ഗോതമ്പും സംസ്ഥാന ഗവൺമെന്റ് വളരെ കൃത്യമായിട്ട് എടുത്ത് വിതരണം ചെയ്യുന്നുണ്ട്. ന്യായവില ഷാപ്പുകൾ ആരംഭിച്ച് വിലക്കയറ്റം തടയാൻ ഗവൺമെന്റ് അങ്ങേയറ്റം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി ഇക്കൊല്ലം സിവിൽ സപ്ളൈസ് കോർപ്പറേഷന് 400 കോടി രൂപ അനുവദിച്ച് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. 28 ലക്ഷം സ്കൂൾ കുട്ടികൾക്ക് ഈ ഗവൺമെന്റ്. സൗജന്യമായി അരി വിതരണം ചെയ്തു. ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ അവശ്യ സാധനങ്ങളുടെ വില കുറവാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: വിലക്കയറ്റംമൂലം കേരളത്തിലെ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. വിലക്കയറ്റം

പിടിച്ചുനിറുത്തുന്നതിന് സംസ്ഥാന ഗവൺമെന്റിന്റേതായ എല്ലാ ഉത്തരവാദി ത്വങ്ങളും നിർവ്വഹിക്കണം. കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന അരിയും ഗോതമ്പും കാര്യക്ഷമമായി വിതരണം ചെയ്യണം. ജനങ്ങൾക്ക് വിതരണം ചെയ്യാനായി കൊടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ മറിച്ചുവിൽക്കുന്ന റേഷൻ വ്യാപാരികൾക്കെതിരെ എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരം കേസ് എടുക്കുകയും റേഷൻ ഷോപ്പ് സസ്പെൻഡ് ചെയ്യുകയും വേണം. ഗോതമ്പ് ആട്ടയാക്കി ജനങ്ങൾക്ക് വിതരണം ചെയ്യണം. കേന്ദ്ര ഗവൺമെന്റ് അനുവദി ക്കുന്ന ഭക്ഷ്യധാന്യങ്ങൾ സ്വകാര്യ മില്ലുകൾക്ക് മറിച്ചുവിറ്റ് ലാഭമുണ്ടാക്കുന്ന നടപടി അവസാനിപ്പിക്കണം. വിലക്കയറ്റം നിയന്ത്രിക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ:</u> ലേബർ ബ്യൂറോ ഓഫ് ഇൻഡ്യയുടെ സർവ്വേയിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കുറവിന്റെ കാര്യത്തിൽ കേരളം നാലാം സ്ഥാനത്താണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചാബ്, ഹരി യാന, മുംബൈ, ഡൽഹി എന്നീ സംസ്ഥാനങ്ങളിലാണ് ഏറ്റവുംകൂടുതൽ വിലക്കയറ്റം ഉണ്ടായിട്ടുള്ളത്. രാജ്യത്താകമാനം വിലക്കയറ്റം ദുസ്സഹമായി ക്കൊണ്ടിരിക്കുമ്പോഴാണ് കേന്ദ്ര ഗവൺമെന്റ് പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധിപ്പിച്ച് ജനങ്ങളെ കൂടുതൽ ദുരിതത്തിലാഴ്ത്തിയി രിക്കുന്നത്. റേഷൻ കടകൾ, സൂപ്പർ മാർക്കറ്റ്, ത്രിവേണി ഷോപ്പുകൾ എന്നിവയിലൂടെ കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്ത് പൊതുവിതരണ മേഖലയെ ശക്തിപ്പെടുത്തി വിലക്കയറ്റം നിയന്ത്രി ക്കുന്നതിനുള്ള നടപടികളുമായിട്ടാണ് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോ കുന്നത്. സംസ്ഥാന ഗവൺമെന്റിനുള്ള പരിമിതമായ അധികാരങ്ങളും അവ കാശങ്ങളും ഉപയോഗപ്പെടുത്തി മാർക്കറ്റിൽ ശക്തമായി ഇടപെട്ടുകൊണ്ട്

വിലക്കയറ്റം പിടിച്ചുനിറുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. കാർഷിക മേഖലയിൽ ഉല്പാദനം, സംഭരണം, വിതരണം എന്നീ കാര്യങ്ങളിൽ സർക്കാർ ഫലപ്രദമായ ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് വളത്തിനുള്ള സബ്സിഡി എടുത്തുകളയുകയും വളത്തിന്റെ വില നിർണ്ണയാവകാശം പിൻവലിക്കുകയും ചെയ്തിരിക്കുകയാണ്. മരുന്നുകളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. ഭക്ഷ്യോല്പന്നങ്ങളുടെ സംഭരണത്തിനും വില നിയന്ത്രണത്തിനുമുള്ള അധികാരം കേന്ദ്ര ഗവൺമെന്റ് പിൻവലിക്കുകയാണെങ്കിൽ വിലക്കയറ്റം ഇനിയും രൂക്ഷമാകും. പഞ്ചസാരയുടെ വില ഗണ്യമായി വർദ്ധിപ്പിച്ചു. റീട്ടെയിൽ മേഖലയിൽ വൻകിട കുത്തകകൾ രംഗപ്രവേശം ചെയ്തിരിക്കുകയാണ്. കാർഷിക മേഖലയിൽ കോൺട്രാക്ട് വ്യവസ്ഥയിൽ കൃഷി നടത്തുന്നതിന് കുത്തക കമ്പനികൾക്ക് അധികാരം കൊടുത്തതുവഴി വൻകിട മുതലാളിമാർക്കുവേണ്ടി രാജ്യത്തിന്റെ പരമാധികാരത്തെ അടിയറ വച്ചിരിക്കുകയാണ്. നെൽകർഷകരെ സഹായിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് കൂടിയ വിലയ്ക്ക് നെല്ല് സംഭരിക്കുകയാണ്. സംസ്ഥാനത്ത് വിലക്കയറ്റം പിടിച്ചുനിറുത്തുന്നതിന് സുശക്തമായ നടപടികളുമായിട്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി:</u> വിലക്കയറ്റം നിയന്ത്രിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാതെ കേന്ദ്ര ഗവൺമെന്റ് സബ്സിഡി നിരക്കിൽ അനുവദിക്കുന്ന സാധനങ്ങൾ മറിച്ചുവിറ്റ് ലാഭം കൊയ്യുന്ന ഗവൺമെന്റാണിത്. രൂക്ഷമായ വിലക്കയറ്റം അനുഭവപ്പെടുമ്പോൾ മാർക്കറ്റ് ഇന്റർവെൻഷൻ ഉൾപ്പെടെ നടത്തി സമാശ്വാസ നടപടികൾ സ്വീകരിക്കേണ്ടത് സംസ്ഥാന ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. വിലക്കയറ്റം തടയുന്നതിന്

സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കണം. തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകൾവഴി ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തിരുന്നത് നിർത്തലാക്കിയ നടപടി പുന:പരിശോധിക്കണം. എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ ക്രിസ്തുമസ്സിന് റേഷൻകടകൾവഴി എല്ലാ കാർഡുടമകൾക്കും ഒരു കിലോ പഞ്ചസാര വീതം വിതരണം ചെയ്തുവന്നിരുന്നത് ഇതുവരെ കൊടുത്തിട്ടില്ല. വിലക്കയറ്റം തടയുന്നതിന് ധനകാര്യവകുപ്പിന്റെ സഹായത്തോടുകൂടി വിലക്കയറ്റ വിരുദ്ധ വിപണനകേന്ദ്രങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടില്ല. കേന്ദ്രസർക്കാർ സബ്സിഡി നിരക്കിൽ സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന സാധനങ്ങൾ ഇരട്ടിവിലയ്ക്ക് മറിച്ചുവിൽക്കുന്ന പ്രവണത അവസാനിപ്പിക്കണം.

<u>ശ്രീ. മോൻസ് ജോസഫ്</u>: അതിരൂക്ഷമായ വിലക്കയറ്റത്തെ നേരിടുന്നതിന് സർക്കാർ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തിയ നടപടി സ്വാഗതാർഹമാണ്. സിവിൽ സപ്ലൈസ് വകുപ്പും സഹകരണ വകുപ്പും സംയുക്തമായി ഇടപെട്ടതിന്റെ ഫലമായി പൊതുവിതരണമേഖലയിൽ നടമാടിയിരുന്ന അഴിമതിയും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും അവസാനിപ്പിക്കാനും വിലക്കയറ്റം ഒരു പരിധിവരെ നിയന്ത്രിക്കാനും കഴിഞ്ഞു. സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഏതാണ്ട് 450 കോടിരൂപയുടെ അധിക ബാധ്യത ഏറ്റെടുത്ത് 26 ലക്ഷം കുടുംബങ്ങൾക്ക് കിലോയ്ക്ക് 2 രൂപ നിരക്കിൽ അരി വിതരണം ചെയ്യാൻ മുന്നോട്ടു വന്നു. വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുന്ന ജനങ്ങളെ സഹായിക്കുന്ന യാതൊരു നടപടിയും കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധനവിലൂടെ സാധാരണക്കാരുടെ ജീവിതം

കൂടുതൽ ദുരിതത്തിലായിരിക്കുകയാണ്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി പ്രയത്നിക്കണം.

ശ്രീ. കെ. ബാബു: പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവിലൂടെ 150 കോടി രൂപ ടാക്സ് ഇനത്തിൽ ഈ സംസ്ഥാനത്തിന് കിട്ടുമെന്നത് വസ്തുതയാണ്. ഈ ഗവൺമെന്റിന് വിലക്കയറ്റത്തെ നേരിടാനുള്ള ആത്മാർത്ഥതയുണ്ടെങ്കിൽ പെട്രോളിന്റെയും ഡീസലിന്റെയും അധികനികുതി വരുമാനം വേണ്ടെന്ന് വയ്ക്കാൻ തയ്യാറാകണം. സിവിൽ സപ്ലൈസ് കോർപ്പറേഷന് മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി പരിധിയില്ലാതെ അനുവദിച്ച തുകയുടെ കണക്ക് ധനമന്ത്രി വ്യക്തമാക്കണം. മാർക്കറ്റിൽ ഇടപെടാനുള്ള പണം പരിധിയില്ലാതെ അനുവദിക്കാമെന്ന് ധനകാര്യ വകുപ്പ് അറിയിച്ചിട്ടും ഗോതമ്പ് വാങ്ങാൻ സ്വകാര്യ മില്ലുകാരോട് അഡ്വാൻസ് വാങ്ങയതിന്റെ കാരണം വ്യക്തമാക്കാൻ തയ്യാറാകണം. ബി.പി.എൽ.ലിസ്റ്റിലെ അപാകത പരിഹരിച്ച് റേഷൻകാർഡ് വിതരണം ത്വരിതപ്പെടുത്തണം.

ശ്രീ. പി. വിശ്വൻ: ഇന്ത്യാരാജ്യത്ത് അതിരൂക്ഷമായ വിലക്കയറ്റം ഉണ്ടാകുമ്പോൾ ധാന്യങ്ങളുടെ ഉൽപ്പാദനം കുറയുന്നതിന്റെയും സംഭരണം നടത്താൻ കഴിയാത്തതിന്റെയും സംഭരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ കഴിയാത്തതിന്റെയും കാരണം വ്യക്തമാക്കണം. ഒരു വർഷത്തിനുള്ളിൽ നിത്യോപയോഗ സാധനങ്ങളുടെ വില കേരളത്തിൽ 20 ശതമാനത്തോളം വർദ്ധിച്ചിരിക്കുകയാണ്. ധാന്യോൽപാദനം കുറയുകയും പഞ്ചസാര വില കുതിച്ചുയരുകയും ചെയ്യുന്നു. പോഷകാഹാരക്കുറവുമൂലം ധാരാളം കുഞ്ഞുങ്ങൾ മരിക്കുന്നു. വിലക്കയറ്റം തടയാൻ കേന്ദ്ര സർക്കാർ ഭക്ഷ്യ ധാന്യ സംഭരണം കാര്യക്ഷമമാക്കണം. പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തി വലക്കയറ്റം തടയാനുള്ള നടപടികളുമായി ഈ ഗവൺമെന്റ്

മുന്നോട്ടുപോവുകയാണ്. 25 ലക്ഷത്തോളം വരുന്ന ദരിദ്രകുടുംബങ്ങൾക്ക് കിലോഗ്രാമിന് 2 രൂപ നിരക്കിൽ ഒരു മാസം 25 കിലോഗ്രാം അരി കൊടുക്കുന്നതിനായി 268 കോടി രൂപയാണ് സംസ്ഥാന സർക്കാർ നീക്കിവച്ചിട്ടുള്ളത്. ഈ വിഭാഗത്തിന് 2 രൂപ നിരക്കിൽ ഒരു മാസം 35 കിലോഗ്രാം അരി കൊടുക്കാൻ ആവശ്യമായ തുക കേന്ദ്ര സർക്കാർ നീക്കിവയ്ക്കണം. വെട്ടിക്കുറച്ച അരി വിഹിതം പുന:സ്ഥാപിക്കണം. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം തകരാനിടയാക്കുന്ന എ.പി.എൽ/ ബി.പി.എൽ. സംവിധാനത്തിൽ മാറ്റം വരുത്തണം. എ.പി.എൽ കാർഡുകാർക്ക് റേഷൻ നിഷേധിക്കരുത്. വിലക്കയറ്റം തടയാൻ കേന്ദ്രം പൊതുകമ്പോളത്തിൽ ശക്തമായ ഇടപെടൽ നടത്തണം.

<u>ശ്രീ. കെ. കെ. ഷാജു:</u> സംസ്ഥാന സർക്കാരിന് പെട്രോൾ, ഡീസൽ വില വർദ്ധനവിലൂടെ ലഭിക്കുന്ന നികുതി കുറയ്ക്കുകയാണെങ്കിൽ വിലക്കയറ്റം ഒരു പരിധി വരെയെങ്കിലും പിടിച്ചു നിറുത്താൻ. സാധിക്കും. സ്റ്റിമുലസ് പാക്കേജിനായി മാറ്റിവച്ച തുകയിൽ നിന്ന് ആയിരം കോടി രൂപ കൺസ്യൂമർ ഫെഡിനോ സിവിൽ സപ്ലൈസ് കോർപ്പറേഷനോ നൽകി വിലക്കയറ്റം പിടിച്ചു നിറുത്തണം. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ ആത്മാർത്ഥമായ യാതൊരു സമീപനവും ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുന്നില്ല. ബി.പി.എൽ. പട്ടിക എത്രയും വേഗം തയ്യാറാക്കണം പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയണം. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നയങ്ങൾ തെറ്റാണെങ്കിൽ അത് ചൂണ്ടിക്കാണിക്കാനുള്ള ആർജ്ജവം കാണിക്കാതെ വിലക്കയറ്റം കേന്ദ്രസർക്കാരിന്റെ ചുമലിൽ കെട്ടിവച്ച് രക്ഷപ്പെടാൻ ശ്രമിക്കുന്നത് ശരിയല്ല.

<u>ശ്രീ. എ.എ. അസീസ്</u>: വിലക്കയറ്റം സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമെന്നുപറഞ്ഞ് കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങളെ ന്യായീകരിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. സംസ്ഥാനത്ത് ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചു. ആസിയാൻ കരാർ കർഷകരെ പ്രതികൂലമായി ബാധിക്കുന്നതാണ്. പഞ്ചസാര ലോബിയെ സഹായിക്കാനുള്ള കേന്ദ്രഗവൺമെന്റിന്റെ നടപടികൊണ്ട് പഞ്ചസാരയ്ക്ക് വില വർദ്ധിച്ചപ്പോൾ സംസ്ഥാന ഗവൺമെന്റ് സഹകരണ മേഖലയിലൂടെ വില കുറച്ച് പഞ്ചസാര വിതരണം ചെയ്തു. കുത്തക മുതലാളിമാരെ സഹായിക്കുന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

<u>ശ്രീ. തോമസ് ചാണ്ടി:</u> മാറിമാറി വരുന്ന സർക്കാരുകൾ എക്കാലത്തും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ് വിലക്കയറ്റം. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളം പഴം, പച്ചക്കറി, പാൽ, മുട്ട തുടങ്ങിയവ ഉൽപ്പാദിപ്പിച്ച് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കണം. കോഴി-കന്നുകാലി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കാൻ അയൽക്കൂട്ടങ്ങൾക്ക് സാമ്പത്തിക സഹായം നൽകണം.

<u>ശ്രീ. പി.എം.എ. സലാം:</u> ഗോതമ്പ്, പഞ്ചസാര എന്നിവയുടെ ഇറക്കുമതിയിലും കയറ്റുമതിയിലുമുണ്ടായ തെറ്റായ നയങ്ങൾ വിലക്കയറ്റത്തിനിടയാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ ഭക്ഷ്യധാന്യ സംഭരണം കാര്യക്ഷമമാക്കാതെ കുത്തക കമ്പനികളുടെ കയറ്റുമതി പ്രോൽസാഹിപ്പിച്ചതുകൊണ്ടാണ് വിലക്കയറ്റം ഉണ്ടായത്. ഇവയുടെ തീരുവ എടുത്തു കളയാനും ഇറക്കുമതി ചെയ്യാനും തീരുമാനിച്ചപ്പോഴും വില നിയന്ത്രിക്കാൻ ഫലപ്രദമായ നടപടി സ്വീകരിച്ചില്ല. സംസ്ഥാന സർക്കാർ വിലക്കയറ്റം നിയന്ത്രിക്കാൻ ധാരാളം

നടപടികൾ സ്വീകരിച്ചു. റേഷൻ വിഹിതം വെട്ടിക്കുറയ്ക്കുകയും പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുകയും ചെയ്ത കേന്ദ്ര നടപടി പുന:പരിശോധിക്കണം.

<u>ശ്രീമതി കെ.എസ്. സലീഖ:</u> നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിന്റെ ഉത്തരവാദിത്വം സംസ്ഥാന സർക്കാരിന്റെ തലയിൽ കെട്ടിവയ്ക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിലാണ് കേന്ദ്ര സർക്കാർ പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിപ്പിച്ചത്. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയം കാർഷിക മേഖലയിൽ ഉൽപ്പാദനം കുറയാനും സ്ത്രീകളുടെ തൊഴിലവസരം നഷ്ടപ്പെടാനുമിടയാക്കും. കേന്ദ്ര ഗവൺമെന്റ് എക്സൈസ് നികുതി രണ്ട് ശതമാനം കണ്ട് വർദ്ധിപ്പിച്ചു. പാചക വാതക വില വർദ്ധിപ്പിക്കാൻ പോകുന്നു. സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല തകരാനിടയാക്കുന്ന കൂപ്പൺ സമ്പ്രദായം ഏർപ്പെടുത്താൻ അനുവദിക്കരുത്. റേഷൻ വിഹിതം പുന:സ്ഥാപിക്കണം. കേരളത്തിലെ 26 ലക്ഷത്തോളം വരുന്ന പാവപ്പെട്ടവർക്ക് കിലോയ്ക്ക് രണ്ടു രൂപ നിരക്കിൽ അരികൊടുക്കാൻ 228 കോടി രൂപ ചെലവഴിച്ച ഗവൺമെന്റാണിത്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയാൻ കമ്പോളത്തിലിടപെടുന്നതിനുവേണ്ടി 500 കോടിയോളം രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വിലക്കയറ്റം പിടിച്ചുനിർത്താൻ 13 ഇനം നിത്യോപയോഗ സാധനങ്ങൾ 2007 മുതൽ സബ്സിഡി വിലയ്ക്ക് മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുകയാണ്. സഹകരണ വകുപ്പിന്റെ കീഴിൽ ത്രിവേണി സൂപ്പർ മാർക്കറ്റുകളും നീതി സ്റ്റോറുകളും ആരംഭിച്ച് ഉൽസവകാലങ്ങളിൽ വിലക്കയറ്റം നിയന്ത്രിച്ചു.

<u>ശ്രീ. കെ.പി. മോഹനൻ</u>: നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ കമ്പോളത്തിൽ ഇടപെടാൻ സർക്കാർ തയ്യാറാകണം. ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം പ്രകാരം കേരളത്തിന് അനുവദിച്ച അരിയും ഗോതമ്പും ഏറ്റെടുത്ത് പാവപ്പെട്ടവർക്ക് വിതരണം ചെയ്യണം. ഗോതമ്പ് ആട്ട യാക്കി വിതരണം ചെയ്യാനുള്ള അനുമതി കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകണം. സഹകരണവകുപ്പിന്റെ സ്ഥാപനങ്ങൾ വഴി സ്ഥിരമായി നിത്യോ പയോഗ സാധനങ്ങൾ വിലകുറച്ച് വിൽക്കണം. നിത്യോപയോഗ സാധനങ്ങൾ സഹകരണ സ്ഥാപനങ്ങൾ വിൽക്കുന്ന വിലയ്ക്ക് തന്നെ സപ്ലൈകോ മുഖേനയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. സാജു പോൾ</u>: എ.പി.എൽ./ബി.പി.എൽ. വേർതിരിവ് ഒഴിവാക്കി എല്ലാവിഭാഗം ജനങ്ങൾക്കും റേഷൻവിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം. ഊഹക്കച്ചവടവും അവധി വ്യാപാരവും നിയന്ത്രിക്കണം. സപ്ലൈകോ മുഖേനയും സഹകരണ സ്ഥാപ നങ്ങൾ മുഖേനയും നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചുവരിക യാണ്.

പ്രതിപക്ഷനേതാവ് <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>: ലോകം മുഴുവൻ സാമ്പത്തിക മാന്ദ്യത്തെ നേരിടുമ്പോൾ ഇന്ത്യാരാജ്യം 7.4% വളർച്ച നേടിയി രിക്കുന്നു. വിലക്കയറ്റം നിയന്ത്രിക്കാനും വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടികളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. പെട്രോളിന്റേയും ഡീസലിന്റേയും വിലയിൽ ഒരു രൂപ എക്സൈസ് ഡ്യൂട്ടി ഏർപ്പെടുത്തിയതിലൂടെ കേന്ദ്ര ഗവൺമെന്റിന് 22000 രൂപ കിട്ടുന്നുണ്ട്. എന്നാൽ ഗ്രാമീണ വികസനത്തിനും ദേശീയ തൊഴിലുറപ്പു പദ്ധതിക്കും

സമ്പദ് ഘടനയെ ശക്തിപ്പെടുത്താനും പാവപ്പെട്ടവർക്ക് വരുമാനം വർദ്ധിപ്പി ക്കാനും വേണ്ടിയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനും കേന്ദ്ര ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ട്. ശിശുക്ഷേമ പദ്ധതികളും പെൻഷൻ പദ്ധതിയും കേന്ദ്ര ബഡ്ജറ്റിലുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് വ്യക്തമായ നയങ്ങളും പരിപാടികളും ആവിഷ്ക്കരി ക്കണം. ഭക്ഷ്യധാന്യ സ്വയം പര്യാപ്തത കൈവരിക്കാത്ത രാജ്യമായതിനാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനാണ് എ.പി.എൽ./ബി.പി.എൽ എന്നുള്ള വേർതിരിവ് ഏർപ്പെടുത്തിയത്. 25 ലക്ഷം കുടുംബങ്ങൾക്ക് ബി.പി.എൽ സ്റ്റാറ്റസ് നൽകണമെന്ന നിലപാടാണുള്ളത്. ബഡ്ജറ്ററി സപ്പോർട്ടായും ഓയിൽ ബോണ്ടായിട്ടും പെട്രോളിയം കമ്പനികൾക്ക് കൊടുത്തുകൊണ്ടിരിക്കുന്ന രണ്ടു ലക്ഷം കോടി രൂപയിൽ വെറും 22,000 കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റിന് ഇപ്പോൾ പെട്രോളിയം ഉല്പന്നങ്ങൾക്ക് ഏർപ്പെടുത്തിയ എക്സൈസ് ഡ്യൂട്ടി വർദ്ധന വിലൂടെ തിരിച്ചു പിടിക്കാൻ കഴിഞ്ഞത്. ബാക്കി 1,80,000 കോടി രൂപ കേന്ദ്ര ഗവണ്മെന്റ് പെട്രോളിയം കമ്പനികൾക്ക് ഇപ്പോഴും കൊടുത്തു കൊണ്ടിരിക്കുകയാണ്. പെട്രോളിന്റെ വിലവർദ്ധനവിനെ രൂക്ഷമായി വിമർ ശിക്കുന്ന ഈ ഗവൺമെന്റിന് അതിലൂടെ കിട്ടുന്ന അധികവരുമാനം വേണ്ടെന്നുവയ്ക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കണം. പ്രകൃതിക്ഷോഭംമൂലം ഉല്പാദനത്തിൽ ഉണ്ടായിട്ടുള്ള കുറവും ചില സംസ്ഥാനങ്ങൾ കേന്ദ്രപൂളിലേയ്ക്ക് അരി കൊടുക്കാൻ വിസമ്മതിച്ചതുമാണ് അരിയുടെ വില കൂടാനുള്ള പ്രധാന കാരണം. യു.ഡി.എഫ്-ന്റെ കാലത്ത് കിലോയക്ക് മൂന്നു രൂപവച്ച് 25 കിലോ അരി കൊടുത്ത സ്ഥാനത്ത് ഇപ്പോൾ അത് 17 കിലോ ആയി വെട്ടിക്കുറച്ചിരിക്കുകയാണ്. കിലോയ്ക്ക് രണ്ടു

രൂപയ്ക്ക് അരി കൊടുക്കാനുള്ള സംസ്ഥാന ഗവണ്മെന്റിന്റെ തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. കേന്ദ്രഗവൺമെന്റ് സബ്സിഡി നിരക്കിൽ കേരളത്തിന് നൽകിയ കടലപോലും ഇരട്ടിവിലയ്ക്ക് വിറ്റ ഗവൺമെന്റാണിത്. എ.പി.എൽ കാർഡുടമകൾക്ക് മുമ്പ് നൽകിയിരുന്ന അരി വിഹിതം പുന:സ്ഥാപിച്ചു കിട്ടാൻ ഒറ്റക്കെട്ടായി ശ്രമിക്കണം. ഭക്ഷ്യ സബ്സിഡി കേന്ദ്ര ഗവൺമെന്റ് വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഇറക്കുമതി ചെയ്യുന്ന ഭക്ഷ്യഎണ്ണക്ക് നൽകുന്ന 15 രൂപ സബ്സിഡി വെളിച്ചെണ്ണയ്ക്കും ബാധകമാകുമ്പോൾ നാളികേര കർഷകർക്കും അതിന്റെ ഗുണം ലഭിക്കും. പഞ്ചസാരയുടെ വില നിയന്ത്രിക്കുന്നതിന് ഇറക്കുമതി ഡ്യൂട്ടി ഇല്ലാതാക്കി കൂടുതൽ ക്വാണ്ടിറ്റി ഇറക്കുമതിചെയ്യാൻ നടപടികൾ സ്വീകരിക്കുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന് കൊടുക്കാനുള്ള സബ്സിഡി കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി <u>(ഡോ. തോമസ് ഐസക്)</u>: 2002 മുതൽ 30 പ്രാവശ്യം പെട്രോളിന്റെയും ഡീസലിന്റെയും വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ 2008 ജൂൺ മാസത്തിൽ കേന്ദ്രസർക്കാർ പെട്രോളിനും ഡീസലിനും വില കൂട്ടിയപ്പോൾ അധിക നികുതിവരുമാനം ഈ ഗവൺമെന്റ് വേണ്ടെന്നു വയ്ക്കുകയാണുണ്ടായത്. വിഭവ സമാഹരണത്തിന്റെ ഭാഗമായിട്ടാണ് കേന്ദ്രഗവൺമെന്റ് ഇപ്പോൾ പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിച്ചത്. അല്ലാതെ അന്താരാഷ്ട്ര മാർക്കറ്റിൽ എണ്ണവില കൂടിയതുകൊണ്ടല്ല. ആഡംബര നികുതി പുന:സ്ഥാപിച്ചും സർവ്വീസ് ടാക്സ് രണ്ടു ശതമാനം വർദ്ധിപ്പിച്ചും കേന്ദ്രഗവൺമെന്റിന് അധികവരുമാനം കണ്ടെത്താമായിരുന്നു. പരീഖ് കമ്മിറ്റി പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കാൻ ശുപാർശ

ചെയ്തപ്പോൾ എക്സൈസ് ഡ്യൂട്ടിയും കസ്റ്റംസ് ഡ്യൂട്ടിയും റോഡ് ടാക്സ് സെസ്സും ചുമത്തി പെട്രോളിയം വിലവർദ്ധന ഒഴിവാക്കാനാണ് ഇടതുപക്ഷ പാർട്ടികൾ കേന്ദ്രത്തോട് ആവശ്യപ്പെട്ടത്. മാത്രമല്ല കേന്ദ്ര ഗവൺമെന്റ് 80,000 കോടി രൂപ ഔപചാരികമായി കോർപ്പറേറ്റുകൾക്ക് ഇളവ് ചെയ്തു കൊടുത്തപ്പോൾ അതിൽ നിന്നും 40,000 കോടി രൂപ കുറച്ച് അധിക വരുമാനം കണ്ടെത്തണമായിരുന്നു. പെട്രോളിയം ഉല്പന്നങ്ങൾക്ക് ഒരു രൂപ എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചപ്പോൾ പെട്രോളിന് 2.91 രൂപയും ഡീസലിന് 2.81 രൂപയും വർദ്ധനവ് ഉണ്ടായതിന്റെ കാരണം കേന്ദ്രസർക്കാർ വ്യക്തമാക്കേണ്ടതുണ്ട്. ഈ വിലവർദ്ധനവിലൂടെ കേരളത്തിലെ ജനങ്ങളിൽ നിന്നും 1600 കോടി രൂപ കേന്ദ്ര ഗവൺമെന്റ് പിരിച്ചെടുക്കുമ്പോൾ കേരള സർക്കാരിന് കിട്ടുന്ന 150 കോടി രൂപ വേണ്ടെന്നു വയ്ക്കണമെന്ന് പ്രതിപക്ഷം പറയുന്നത് തികച്ചും വിരോധാഭാസമാണ്. 1600 കോടി രൂപയുടെ വരുമാനം വേണ്ടെന്നു വയ്ക്കാനുള്ള സന്മനസ്സാണ് കേന്ദ്രം കാണിക്കേണ്ടത്. കേരളത്തിനുണ്ടാകുന്ന നഷ്ടം വാറ്റിലൂടെ നികത്തി നികുതി വർദ്ധിപ്പിക്കാനാണ് കേന്ദ്രം ആവശ്യപ്പെടുന്നത് .കേന്ദ്രം ശേഖരിച്ച ഭക്ഷ്യ ധാന്യങ്ങൾ കുത്തകകൾക്ക് പൂഴ്ത്തിവയ്ക്കുന്നതിനാണ് കൊടുത്തത്. കേന്ദ്ര ഗവൺമെന്റിന്റെ മിസ്മാനേജ്മെന്റ് കൊണ്ടാണ് വിലക്കയറ്റം ഉണ്ടായത്. വിലക്കയറ്റം പിടിച്ചു നിർത്താൻ ഈ ഗവൺമെന്റ് കമ്പോള ഇടപെടലാണ് നടത്തിയിട്ടുള്ളത്. സിവിൽ സപ്ളൈസ് കോർപ്പറേഷൻ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ അവശ്യ വസ്തുക്കളുടെ വില കൂട്ടാതെയാണ് ലാഭം ഉണ്ടാക്കിയിരിക്കുന്നത്.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : വിലക്കയറ്റം കേരളത്തിന്റെ സൃഷ്ടിയാണെന്ന്

പറയുന്നത് നിർഭാഗ്യകരമാണ്. ജി-20 രാജ്യങ്ങളും ഫുഡ് ആന്റ് അഗ്രിക്കൾച്ചറൽ ഓർഗനൈസേഷന്റെ സാർവ്വ ദേശീയ സംഘടനയും ലോകം നേരിടാൻ പോകുന്ന അതീവ ഗുരുതരമായ വിലക്കയറ്റത്തിന്റേയും പട്ടിണി മരണങ്ങളുടേയും സ്ഫോടനാത്മകമായ അവസ്ഥയെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കേന്ദ്രം അനുവദിച്ചിട്ടുള്ള അരിയും 99 ശതമാനത്തോളവും ഈ ഗവൺമെന്റ് എടുത്തിട്ടുണ്ട്. അരിയുടെ അലോട്ട്മെന്റ് കുറച്ചിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ഓപ്പൺ മാർക്കറ്റ് സെയിൽസ് സ്കീം അനുസരിച്ച് അനുവദിച്ച 40,000 ടൺ ഗോതമ്പ് ഗവൺമെന്റ് ഏജൻസികൾ തമ്മിൽ ആലോചിച്ച് എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ആട്ട ആക്കാൻ വേണ്ടി നൽകിയത്. കേന്ദ്ര ഗവൺമെന്റിന്റെ മിഡ് ഡേ മീൽ സ്കീമിൽ പയർ ഉൾപ്പെടുത്തിയിട്ടില്ല. സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ട് ഉപയോഗിച്ചാണ് പയർ ഓപ്പൺ മാർക്കറ്റിൽ നിന്ന് വാങ്ങി കുട്ടികൾക്ക് നൽകുന്നത്. നാചറൽ ഇൻവെന്ററി മാനേജ്മെന്റിന്റെ പാർട്ടായി കേന്ദ്രത്തിൽ നിന്ന് തരുന്ന അരി 45 ദിവസത്തോളം കഴിഞ്ഞാൽ ചീഞ്ഞുപോകുമെന്നതിനാൽ അത് റീപ്ളെയിസ് ചെയ്തതിനെയാണ് സി ആന്റ് എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. സിവിൽ സപ്ളൈസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകൾ വഴി ഏറ്റവും കുറഞ്ഞ വിലയ്ക്ക് അരിയുൾപ്പെടെ 14 ഇനം നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തുകൊണ്ട് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി വിലക്കയറ്റം നിയന്ത്രിച്ചുകൊണ്ടിരിക്കുകയാണ് സിവിൽ സപ്ളൈസ് വകുപ്പിൽ ഉണ്ടായിരുന്ന കെടുകാര്യസ്ഥത അവസാനിപ്പിച്ചതിന്റെ ഫലമായി ചെറിയ തോതിൽ ലാഭം ഉണ്ടായിട്ടുണ്ട്. ഇൻഡ്യയിൽ ആദ്യമായി സപ്ളൈകോയിലൂടെ കുറഞ്ഞ വിലയ്ക്ക് അരി വിതരണം ചെയ്യുന്നത് കേരളത്തിലാണ്. ഡൽഹി, മുംബൈ, കൽക്കട്ട, ചെന്നൈ, ഹൈദരാബാദ്,

ബാംഗ്ളൂർ എന്നിവിടങ്ങളിലെ വിലനിലവാരവുമായി തട്ടിച്ചുനോക്കിയാൽ സംസ്ഥാനത്ത് പുഴുക്കലരിയും പച്ചരിയും വളരെ കുറഞ്ഞ നിരക്കിലാണ് സപ്ളൈകോയിലൂടെ വിതരണം ചെയ്യുന്നത്. കേരളത്തിൽ വിലക്കയറ്റം തടയുന്നതിന് സപ്ളൈകോയുടെ 3000 ഔട്ട്ലെറ്റുകളും എല്ലാ ജില്ലകളിലുമായി 68 മാവേലി ഹോട്ടലുകളും ആരംഭിച്ചിട്ടുണ്ട്. ബി.പി.എൽ. വിഭാഗത്തിന് കേന്ദ്ര ഗവൺമെന്റ് 6.20 പൈസ നിരക്കിൽ തരുന്ന അരിയാണ് സംസ്ഥാനം രണ്ട് രൂപ നിരക്കിൽ വിതരണം ചെയ്യുന്നത്. അടിയന്തിര പ്രമേയത്തിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ വസ്തുതയ്ക്ക് നിരക്കാത്തതാണ്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കേന്ദ്ര ഗവൺമെന്റ് പൊതുവിതരണ സമ്പ്രദായം തകർക്കുന്നതിനും വൻകിട കുത്തകകളെ സഹായിക്കുന്നതിനുമുള്ള നിലപാടുകളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ കേന്ദ്ര ഗവൺമെന്റ് അങ്ങേയറ്റം പരാജയപ്പെട്ടിരിക്കുകയാണ്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന മാതൃകാപരമായ പ്രവർത്തനങ്ങളെ കേന്ദ്ര മന്ത്രിമാർ ശ്ളാഘിക്കുന്ന നടപടികൾ ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നല്ല പ്രവർത്തനങ്ങളുമായി പ്രതിപക്ഷം സഹകരിക്കണം.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

സഭ നിറുത്തിവയ്ക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് നിരാകരിച്ചു.

**നന്ദിപ്രമേയ ചർച്ച – തുടർച്ച**

ശ്രീ. വി. സുരേന്ദ്രൻപിള്ള : പ്രമേയത്തെ അനുകൂലിക്കുന്നു. കേന്ദ്ര ബഡ്ജറ്റിലെ ജനദ്രോഹ സാമ്പത്തിക നയങ്ങൾ ഇൻഡ്യയിലാകെ

വിലക്കയറ്റം സൃഷ്ടിച്ചിരിക്കുകയാണ്. രണ്ട് ശതമാനം എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചതിന്റെ ഫലമായി ടാർ, കെറോസിൻ, മണൽ, മെറ്റൽ എന്നിവയുടെ വിലയിലുണ്ടായ വർദ്ധനവ് നിർമ്മാണ മേഖലയെ സ്തംഭിപ്പിച്ചിരിക്കുകയാണ്. മാവേലി സ്റ്റോറുകൾ, കൺസ്യൂമർഫെഡ്, റേഷൻകടകൾ എന്നിവയിലൂടെ വിലകുറച്ച് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനാൽ വില ക്കയറ്റം പിടിച്ചു നിർത്താൻ കഴിയുന്നു. പൊതുവിതരണ സമ്പ്രദായം ശക്തി പ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാന ബഡ്ജറ്റിൽ നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പാക്കേജ് കൊണ്ടുവരാൻ നടപടി സ്വീകരിക്കണം.

ശ്രീ. സി.കെ. സദാശിവൻ: പ്രമേയത്തെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസനത്തിനും സാമ്പത്തിക പുരോഗതിക്കുമുള്ള നയപ്രഖ്യാപന രേഖയാണ് അവതരിപ്പിച്ചിട്ടുള്ളത്. കേന്ദ്ര ബഡ്ജറ്റിലും റെയിൽവേ ബഡ്ജറ്റിലും സംസ്ഥാനത്തിന് അർഹമായ പരിഗണന നൽകിയിട്ടില്ല. സമ്പന്നന്മാരെ കൂടുതൽ സമ്പന്നരാക്കുന്ന നിർദ്ദേശങ്ങളാണ് കേന്ദ്ര ബഡ്ജറ്റിലുള്ളത്. വിലക്കയറ്റം തടയാൻ യാതൊരു നടപടിയും കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നില്ല. കാർഷിക ഉല്പന്നങ്ങൾ പൂഴ്ത്തിവച്ച് ഇഷ്ടംപോലെ വില നിശ്ചയിച്ച് വിൽക്കാനുള്ള അവസരം ബഹുരാഷ്ട്ര കുത്തക കമ്പനികൾക്ക് നൽകുകയാണ് ചെയ്യുന്നത്. പെട്രോളിന്റേയും ഡീസലിന്റേയും വില വർദ്ധിപ്പിച്ചു. പരോക്ഷ നികുതിയിലൂടെ 70,000 കോടിരൂപയാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. ഭക്ഷ്യസബ്സിഡിയിൽ 400 കോടിരൂപ വെട്ടിക്കുറച്ചു. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം തകർത്തു. കേന്ദ്രഗവൺമെന്റ് സംസ്ഥാനത്തുള്ള ഭക്ഷ്യധാന്യം വെട്ടിക്കുറച്ചപ്പോൾ വിലക്കയറ്റം തടയാൻ സിവിൽസപ്ലൈസ് വകുപ്പും സഹകരണവകുപ്പും ചേർന്ന് **560** കോടി രൂപയുടെ ഉല്പന്നങ്ങ

ളാണ് വിപണിയിൽ എത്തിച്ചത്. ഉൽസവ വേളകളിൽ സിവിൽസപ്ലൈസ് കോർപ്പറേഷന്റെ വിപണനകേന്ദ്രങ്ങളിലൂടെയും ചന്തകളിലൂടെയും നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കി. 26 ലക്ഷം കുടുംബങ്ങൾക്ക് 2 രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നു. ലേബർ ബ്യൂറോ ഓഫ് ഇന്ത്യ യുടെ കണക്കുപ്രകാരം വിലക്കയറ്റം പിടിച്ചുനിർത്തുന്ന കാര്യത്തിൽ കേരളം നാലാം സ്ഥാനത്താണ്. 41,000 കൃഷിക്കാർക്ക് 51 കോടി രൂപ കർഷക കടാശ്വാസമായി ഈ ഗവൺമെന്റ് നൽകി. 16,000 ഹെക്ടർ തരിശ് ഭൂമി കൃഷിയോഗ്യമാക്കാനും 17,000 ടൺ ഭക്ഷ്യധാന്യം അധികം ഉൽപ്പാദിപ്പി ക്കാനും കഴിഞ്ഞു. കിസാൻ അഭിയാൻ പെൻഷൻ പദ്ധതിയിലെ തുക വർദ്ധി പ്പിക്കണം. യു.ഡി.എഫ്..സർക്കാർ വിൽക്കാൻ തീരുമാനിച്ചിരുന്ന പൊതു മേഖലാസ്ഥാപനങ്ങളെ ഈ സർക്കാർ ലാഭത്തിലാക്കി.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ട്രഷറി സ്തംഭനവും പവർകട്ടും അഴിമതിയും ഇല്ലാത്ത സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. സാമ്പത്തികമാന്ദ്യത്തിൽനിന്നും കേരളത്തെ രക്ഷിക്കാൻ 5000 കോടി രൂപയുടെ വികസന പദ്ധതികളാണ് ആവിഷ്ക രിച്ചിട്ടുളളത്. നിർമ്മാണപ്രവൃത്തികൾക്കായി 3000 കോടിരൂപയുടെ ഭരണാ നുമതി ലഭിച്ചുകഴിഞ്ഞു. ആരോഗ്യരംഗത്ത് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാ ക്കിവരുന്നു. ഡോക്ടർമാരുടെ പ്രൈവറ്റ് പ്രാക്ടീസ് നിർത്തലാക്കിയും പി.എച്ച്.സി.കൾ സി.എച്ച്.സി.കളായി ഉയർത്തിയും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തി. പരിസ്ഥിതി സംരക്ഷണത്തിനായി 31 ലക്ഷം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചു. കേരളത്തിലെ 14 ജില്ലകളിലും ഐ.ടി. പാർക്കുകളുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. റേഷൻ കടകൾവഴിയും സഹകരണ ഔട്ട്ലെറ്റുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ വിത

രണം ചെയ്തു വിലനിലവാരം ഒരു പരിധിവരെ പിടിച്ചുനിർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ജലസേചന പദ്ധതികൾ നടപ്പിലാക്കി കുടിവെള്ള ദൗർലഭ്യം പരിഹരിച്ചു.

ശ്രീ. വി. ശശികുമാർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികൾ ഈ സർക്കാർ വിപുലപ്പെടുത്തി. പശ്ചാത്തലമേഖലയിലെ മൂലധന നിക്ഷേപം വർദ്ധിപ്പിച്ചു. പാലക്കാട് ജില്ലയിൽ സമ്പൂർണ്ണ വൈദ്യൂതീകരണം ഏർപ്പെടുത്തി നിയോജകമണ്ഡലങ്ങളിൽ നടത്തിയ വികസനപ്രവർത്തനങ്ങൾ കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല. കേന്ദ്ര ബഡ്ജറ്റിൽ വിലക്കയറ്റത്തെ നേരിടുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ കേരളത്തിന് അർഹമായ പരിഗണന ലഭിച്ചിട്ടില്ല. അലിഗഡ് മുസ്ലീം സർവ്വകലാശാലയ്ക്ക് **122** ഏക്കർ സ്ഥലം കൈമാറാനുള്ള തീരുമാനം സ്വാഗതാർഹമാണ്

ശ്രീ. പി.ടി.എ. റഹിം: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സച്ചാർ കമ്മിറ്റി ശുപാർശ നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ ഒരു പൈസ പോലും അനുവദിച്ചിട്ടില്ല. പാലോളി കമ്മിറ്റി ശുപാർശ പ്രകാരം ന്യൂനപക്ഷ വിഭാഗത്തിലെ പെൺകുട്ടികൾക്ക് സ്ക്കോളർഷിപ്പിനും ഹോസ്റ്റൽ സ്റ്റൈപെന്റിനും മതിയായ തുക അനുവദിച്ചു. തിരുവനന്തപുരം, ഇടുക്കി ജില്ലകൾക്കൊഴികെ മറ്റെല്ലാ ജില്ലാകൾക്കും മദ്രസ നവീകരണത്തിന് തുക അനുവദിച്ചു. പ്രീ-മെട്രിക്ക് സ്ക്കോളർഷിപ്പ് തുക കൊടുത്തു തീർത്തു. പാലക്കാട് സമ്പൂർണ്ണ വൈദ്യുതീകരണ ജില്ലയായി പ്രഖ്യാപിച്ചു. എല്ലാ കുടുംബങ്ങൾക്കും ഗുണനിലവാരമുള്ള വൈദ്യുതി ലഭ്യമാക്കും എന്ന പ്രഖ്യാപനം ശ്ലാഘനീയമാണ്. വൈദ്യുതീകരണ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങൾക്ക് പങ്കാളിത്തം വഹിക്കാനുതകുന്ന നടപടികൾ സ്വീകരിക്കണം. പഞ്ചായത്തുകളിൽ ചെലവഴിക്കാതെ വരുന്ന തുക വക മാറ്റി ചെലവാക്കാനുള്ള സൗകര്യമുണ്ടാക്കണം. നന്തി റെയിൽവേ ഓവർബ്രിഡ്ജിന്റെ പണി പൂർത്തീകരിക്കാൻ കഴിഞ്ഞു..

ശ്രീ. എ. പ്രദീപ്കുമാർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനപുരോഗതിക്കാവശ്യമായ വികസന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന ഒരു സർക്കാരാണിത്. തിരുവനന്തപുരത്ത് ടെക്നോ പാർക്ക്, കൊച്ചിയിലെ ഇൻഫോ പാർക്ക് എന്നിവ ഈ സർക്കാരിന്റെ ഐ.ടി. വികസനത്തോടുള്ള ആഭിമുഖ്യം തെളിയിക്കുന്നതാണ്. തിരുവനന്തപുരത്തെ ടെക്നോപാർക്കിന്റെ അനുബന്ധ സ്ഥാപനങ്ങൾ പത്തനംതിട്ടയിലും കൊല്ലത്തും കൊച്ചിയിലെ ഇൻഫോ പാർക്കിന്റെ അനുബന്ധ സ്ഥാപനങ്ങൾ തൃശ്ശൂരും ആലപ്പുഴയിലും തുടങ്ങുന്നതിനുള്ള നടപടികൾ സ്വാഗതാർഹമാണ്. 10 ലക്ഷം സ്ക്വയർ ഫീറ്റുള്ള ഏഷ്യയിലെ ത്തന്നെ ഏറ്റവുംവലിയ സിംഗിൾ ബിൽഡിംഗിന്റെ നിർമ്മാണവും കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ സൈബർ പാർക്കിനുള്ള ഭൂമി ഏറ്റെടുക്കുന്ന നടപടികളും ഐ.ടി. വികസനം മലബാർ മേഖലയിൽക്കൂടി വ്യാപിപ്പിക്കാനുള്ള തീരുമാനവും ശ്ലാഘനീയമാണ്. ടൂറിസം വികസനത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ അഭ്യസ്തവിദ്യർക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാനും ലാഭത്തിലാക്കാനും സാധിച്ചു. മലയാള സർവ്വകലാശാലയുടെ സാധ്യതാപഠനത്തിനായി കമ്മിറ്റിയെ നിയോഗിക്കണം.

<u>ശ്രീ. എൻ. ശക്തൻ:</u> നന്ദി പ്രമേയത്തെ എതിർക്കുന്നു. രണ്ടു രൂപ നിരക്കിൽ കേന്ദ്ര സർക്കാർ അനുവദിക്കുന്ന അരിയും ഗോതമ്പുമാണ് റേഷൻകടകളിലൂടെ വിതരണം ചെയ്യുന്നത്. ഈയിനത്തിൽ കേന്ദ്ര ഗവൺമെന്റ് 1500 കോടി രൂപ സബ്സിഡി അനുവദിച്ചപ്പോൾ സംസ്ഥാന സർക്കാർ 228 കോടി രൂപ മാത്രമാണ് ചെലവാക്കിയത്. പെട്രോളിനും ഡീസിലിനും ലഭിക്കുന്ന നികുതി സംസ്ഥാന സർക്കാർ പകുതിയാക്കി കുറച്ച് വിലക്കയറ്റം ഒരു പരിധി വരെയെങ്കിലും തടയണം. നാല് വർഷത്തെ ഭരണം കൊണ്ട് ഒരു മേഖലയെപ്പോലും രക്ഷപ്പെടുത്താൻ ഈ സർക്കാരിന് കഴിഞ്ഞില്ല കെ.എസ്.ആർ.ടി.സി.യുടെ പ്രതിവർഷ നഷ്ടം 106 കോടി രൂപയായിരുന്നത് ഇപ്പോൾ 300 കോടി രൂപയായിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി.ക്ക് 288 കോടി രൂപയുടെ കടബാധ്യതയുണ്ടായിരുന്നത്, 710 കോടി രൂപയായി ഉയർന്നിരിക്കുകയാണ്. ഇപ്പോഴും അവിടത്തെ തൊഴിലാളികൾക്ക് 38 ശതമാനം ഡി.എ. കുടിശ്ശിക നൽകാനുണ്ട് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ലാഭത്തിലായിരുന്ന ഇലക്ട്രിസിറ്റി ബോർഡ് ഇപ്പോൾ വൻനഷ്ടത്തിലാണ്. വിദ്യാഭ്യാസ മേഖലയാകെ തകർത്തു. അന്യസംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ കച്ചവടക്കാരെ സഹായിക്കുന്ന നടപടികൾ സ്വീകരിച്ചു. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന സ്വാശ്രയ സ്ഥാപനങ്ങളിലെ ഫീസ് നിരക്ക് യാതൊരു നിയന്ത്രണവുമില്ലാതെ ഇപ്പോൾ വർദ്ധിപ്പിച്ചിരിക്കുകയാണ്.

<u>ശ്രീ. മുരളി പെരുനെല്ലി:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതും പുരോഗതിക്കുതകുന്നതുമായ ഒരു നയപ്രഖ്യാപന പ്രസംഗമാണ് ഗവർണ്ണർ നടത്തിയത്.

കാർഷികമേഖല, വ്യവസായ മേഖല, ആരോഗ്യമേഖല, വിദ്യാഭ്യാസ മേഖല, പൊതുവിതരണ മേഖല തുടങ്ങി സമസ്ത മേഖലകളിലും കേരളം ഇന്ത്യയ്ക്കും ലോകത്തിനും മാതൃകയായിരിക്കുകയാണ്. പൊതുവിതരണ മേഖലയെ തകർക്കുന്ന കൂപ്പൺ സമ്പ്രദായത്തോട് യോജിക്കാൻ നിർവ്വാഹ മില്ല. കേന്ദ്രഗവൺമെന്റ് ഭക്ഷ്യധാന്യ ശേഖരണം ഫലപ്രദമായി നടത്താത്ത തിനാലാണ് വിലക്കയറ്റം രൂക്ഷമായിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ മാതൃകാപരമായ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ആനുകൂല്യങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭിക്കുന്നുണ്ട്. പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവ് ജനങ്ങളെ വളരെയധികം ബുദ്ധിമുട്ടിക്കുന്നതാണ്. 25 ലക്ഷം കുടുംബങ്ങൾക്ക് കിലോയ്ക്ക് രണ്ടുരൂപ നിരക്കിൽ അരി കൊടുക്കുന്നതും ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ചതും ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചതും ഗവൺമെന്റിന്റെ നേട്ടങ്ങളാണ്.

<u>ശ്രീ. കെ. രാജു</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു കെ.എസ്.ആർ.ടി.സി.യെ അഴിമതി രഹിതമാക്കി കാര്യക്ഷമതയോടെ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. അടുത്തവർഷം ആയിരത്തോളം പുതിയ ബസുകളാണ് നിരത്തിലിറങ്ങുന്നത്. വൈദ്യുതി രംഗത്ത് ഇഫക്ടീവ് മാനേജുമെന്റിന്റെ ഫലമായി വരൾച്ചാസമയത്തും ലോഡ് ഷെഡ്ഡിംഗും പവർക്കട്ടുമില്ലാതെ കാര്യക്ഷമതയോടെ ഇലക്ട്രിസിറ്റി ബോർഡ് മുന്നോട്ടുപോകുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഇലക്ട്രിസിറ്റി ബോർഡിൽ ശമ്പള പരിഷ്ക്കരണം നടപ്പാക്കിയത്. 2010-ഓടുകൂടി കേരളം തരിശുഭൂമി വിമുക്തമാകാൻ പോവു കയാണ്. ഈ ഗവൺമെന്റ് കർഷക കടാശ്വാസ കമ്മീഷൻ

രൂപീകരിക്കുകയും കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുകയും ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുകയും പച്ചക്കറിക്കും നെല്ലിനുമെല്ലാം സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് പലിശരഹിത വായ്പ നൽകുന്നതിനുള്ള ഏർപ്പാടുണ്ടാക്കുകയും ചെയ്ത് കാർഷിക മേഖലയിൽ ഉണർവ്വുണ്ടാക്കി.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ആഗോള-ഉദാരവൽക്കരണത്തിന്റേയും തെറ്റായ സാമ്പത്തിക നയങ്ങളുടേയും ഫലമായാണ് വിലക്കയറ്റവും ഭക്ഷ്യദൗർലഭ്യവും അനുഭവപ്പെടുന്നത്. വളത്തിന്റെയും ഭക്ഷ്യധാന്യങ്ങളുടെയും സബ്സിഡി വെട്ടിക്കുറച്ചത് വിലക്കയറ്റത്തിനിടയാക്കും. പെട്രോളിയം ഉല്പന്നങ്ങളുടെ വില യഥേഷ്ടം വർദ്ധിപ്പിക്കാനുള്ള സ്വാതന്ത്ര്യം എണ്ണക്കമ്പനികൾക്ക് കൊടുത്തിരിക്കുകയാണ്. പെട്രോളിയം ഉല്പന്നങ്ങളിൽ നി.ന്നു ലഭിക്കുന്ന നികുതി സംസ്ഥാന ഗവൺമെന്റ് വേണ്ടെന്നു വച്ചാൽ സബ്സിഡി നൽകാൻ കേന്ദ്ര ഗവണ്മെന്റ് തയ്യാറാകുമോ എന്ന് വ്യക്തമാക്കണം. വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട പ്രവർത്തനം, കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന്റെ പണി, ഇൻഫോ പാർക്ക്, ഐ.ടി. മേഖലകളുടെ വികസനം ഇവയെല്ലാം സമയബന്ധിതമായി നടപ്പിലാക്കി വരികയാണ്. കാർഷികമേഖലയിൽ ആത്മഹത്യകൾ കുറയ്ക്കാൻ കഴിഞ്ഞു. വിലക്കയറ്റം നിയന്ത്രിക്കാനുള്ള ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ കണ്ടില്ലെന്നു നടിക്കുന്നത് ശരിയല്ല. . കേരളത്തിലെ 25 ലക്ഷം കുടുംബങ്ങൾക്ക് കിലോയ്ക്ക് രണ്ടു രൂപ നിരക്കിൽ അരി കൊടുക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. കേന്ദ്ര ബഡ്ജറ്റിൽ പ്രവാസികളുടെ ക്ഷേമത്തിനുവേണ്ടി

തുക വകയിരുത്താത്തത് ദൗർഭാഗ്യകരമായിപ്പോയി. പ്രവാസികളുടെ സംരക്ഷണത്തിനായി കേരള സർക്കാർ ഒട്ടേറെ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാനും പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്ന് ലാഭകരമായി പ്രവർത്തിപ്പിക്കാനും കഴിഞ്ഞു. 60,000 ഹെക്ടർ സ്ഥലത്ത് പുതുതായി നെൽക്കൃഷി ആരംഭിച്ചതിലൂടെ നെല്ലുല്പാദനം ആറരലക്ഷം ടണ്ണായി വർദ്ധിപ്പിച്ചിട്ടുണ്ട്. പാവപ്പെട്ടവർക്ക് ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുള്ള നൂതന മാറ്റങ്ങൾ കൊണ്ടുവന്നു.

ശ്രീ. എ.പി. അനിൽകുമാർ: നന്ദി പ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗം തികച്ചും നിരാശാജനകമാണ്. കേന്ദ്ര ഗവൺമെന്റ് നൽകുന്ന എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ട് അതെല്ലാം സംസ്ഥാന ഗവൺമെന്റിന്റെ നേട്ടമാണെന്ന് വരുത്തിത്തീർക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ വൈവിധ്യം കാണിച്ചിരുന്ന ഇടതുപക്ഷപാർട്ടികൾക്ക് ഇപ്പോൾ അതിനെ അംഗീകരിക്കേണ്ടി വന്നിരിക്കുകയാണ്. ഭൂമി കയ്യേറ്റത്തിന്റെ പേരിൽ പൊതുജനസമൂഹത്തിൽ ആദിവാസികളെ കുറ്റക്കാരാക്കുന്ന പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ആദിവാസികൾക്ക് ആറളം ഫാമിലും ചീമേനിയിലും കൊടുക്കാമെന്നു പറഞ്ഞ ഭൂമി ഇതുവരെ വിതരണം ചെയ്തിട്ടില്ല. ആദിവാസി പുനരധിവാസ വികസന മിഷന്റെ കണക്കനുസരിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2034 ആദിവാസികൾക്കായി 2004.5 ഏക്കർ ഭൂമി മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇടതുപക്ഷ പാർട്ടികൾ ആദിവാസി സമൂഹത്തെ പൊതുസമൂഹത്തിനു മുന്നിൽ കുറ്റവാളികളാക്കുന്ന നടപടി അവസാനിപ്പിക്കണം.

സഭ വൈകുന്നേരം 6.30- ന് പിരിഞ്ഞു

......................................

.